*Dafi'ul-Bala'i wa Mi'yaru Ahlil-Istifa'*

# മഹാമാരീ പ്രതിരോധം

## (ദാഫിഉൽ ബലാ)

വാഗ്ദത്ത മഹ്ദീ മസീഹ്
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# മഹാമാരീ പ്രതിരോധം
## (ദാഫിഉൽ ബലാ)

## വാഗ്ദത്ത മഹ്ദീ മസീഹ്
## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വിവർത്തകൻ:
ടി.എം.അബ്ദുൽ മുജീബ്

പ്രസാധകർ
നസാറത്ത് നശ്റോ ഇശാഅത്ത്

# Mahamaree Prathirodam

Malayalam rendering of Dafi'ul-Bala'i wa Mi'yaru Ahlil-Istifa'
(Urdu)
Written by **Hadrat Mirza Ghulam Ahmad**
The Promised Messiah and Mahdi, peace be on him,
Founder of the Ahmadiyya Muslim Community

Translated from Urdu into Malayalm by: T.M.Abdul Mujeeb
First published in Urdu in Qadian, India, 1902
First Malayalam translation published in India, 2020

© Islam International Publications Ltd.

Published by
Nashr-o-Isha'at
Sadr Anjuman Ahmadiyya, Qadian- 143516

Printed at
Fazle-umar Printing Press, Qadian

Copies : 500/ September 2020

For further information please visit www.alislam.org.

# ഉള്ളടക്കം


| | |
|---|---|
| *പ്രസ്താവന* | *5* |
| *ഗ്രന്ഥകാരനെക്കുറിച്ച്* | *7* |
| *ഉദ്ബോധനം* | *13* |
| *പ്ലേഗ്* | *17* |
| *തന്റെ മുഴുവൻ ജമാഅത്തിനും നൽകുന്ന ഒരു പൊതു വിളംബരം* | *44* |
| *പിൻകുറിപ്പ് നമ്പർ 1* | *51* |
| *പിൻകുറിപ്പ് നമ്പർ 2* | *52* |

# പ്രസ്താവന


വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ദാഫി ഉൽ ബലാഅ്(മഹാമാരീ പ്രതിരോധം) എന്ന ലഘുകൃതി 1902 ഏപ്രിൽ മാസത്തിലാണ് പ്രസിദ്ധീകരിച്ചത്. അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ പ്ലേഗ് പടർന്നു പിടിക്കുമെന്നുള്ള പ്രവചനമടങ്ങിയ വെളിപാടുകളെകുറിച്ച് വിവരിക്കുന്നുണ്ട്. ആഗതനായ മസീഹിനെ ഹൃദയാത്മനാ സ്വീകരിക്കുകയും തങ്ങളിൽ ആത്മീയമായ പരിവർത്തനം സംജാതമാക്കുകയുമാണ് ദൈവകല്പിതമായ പരിഹാരമെന്ന് അദ്ദേഹം നിർദേശിക്കുകയുണ്ടായി.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്(അയ്യദഹുല്ലാഹ്)യുടെ അനുവാദത്തോടെ ഹദ്റത്ത് അഹ്മദ്(അ)ന്റെ ദാഫിഉൽ ബലാഅ്(മഹാമാരീ പ്രതിരോധം) എന്ന ഈ പ്രോജ്ജ്വലപ്രബന്ധം മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുകയാണ്.

തർജമ പരിശോധിച്ച റിവ്യൂ കമ്മിറ്റി അംഗങ്ങൾ, പ്രൂഫ്, ലേഔട്ട്, സെറ്റിംഗ് എന്നിവ നിർവ്വഹിച്ച കേരള ഇശാഅത്ത് കമ്മിറ്റി ഭാരവാഹികൾ എന്നിവരോടുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഫജസാഹുമുല്ലാഹ്.

അല്ലാഹു ഈ ഗ്രന്ഥം അനേകർക്ക് ഇസ്‌ലാമിന്റെ സത്യത മനസിലാക്കുന്നതിന് നിമിത്തമാക്കുമാറാകട്ടെ എന്ന പ്രാർഥനയോടെ,

വസ്സലാം
വിനീതൻ
**ഹാഫിസ് മഖ്ദൂം ശരീഫ്**
പ്രസിദ്ധീകരണവിഭാഗം കേന്ദ്രകാര്യദർശി
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഭാരത്



Ḥaḍrat Mirza Ghulam Ahmad of Qadian
The Promised Messiah[as]

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ഖാദിയാനി (അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലംമുതൽ തന്നെ ദൈവിക ആരാധനകളിലും വിശുദ്ധ ഖുർആന്റെയും ഇതര ഗ്രന്ഥങ്ങളുടെയും പാരായണത്തിൽവ്യാപൃതനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്ലാം നാലു ഭാഗത്തു നിന്നും അക്രമിക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്ലാമിനെ പ്രതിരോധിച്ചു കൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചു കൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയിരക്കണക്കിന് കത്തുകളും പ്രസിദ്ധീകരിക്കുകയും നിരവധി മതസംവാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ്ഇസ്ലാമെന്നും ഈ സരണിയിലൂടെ മാത്രമേ മനുഷ്യന് നൈതികവും ആത്മീയവുമായ പരിപക്വത ആർജിക്കാൻ കഴിയുകയുള്ളു എന്നും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ  തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാത്മാവ് ദൈവിക  നിർദേശപ്രകാരം 1889 ൽ തന്റെ അനുയായികളിൽ നിന്നും ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചു കൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ)യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹുമായി ദൈവം തന്നെ നിയോഗിച്ചിരിക്കുന്നെന്ന് നിരന്തരമായ  ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പുണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 200 ലധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ച് യഥാർഥ ഇസ്ലാമികഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

# മഹാമാരി പ്രതിരോധം
## (ദാഫിഉൽ ബലാ)

رَبَّنَا افْتَحْ بَیْنَنَا وَبَیْنَ قَوْمِنَا بِالْحَقِّ وَاَنْتَ خَیْرُ الْفَاتِحِیْنَ

الحمد للہ کہ زمانہ کی ضرورت کے موافق بہتوں کو طاعون سے نجات دینے کے لئے یہ رسالہ تالیف کیا گیا اور اس کا نام

ہے

# دَافِعُ الْبَلَاءِ وَمِعْیَارُ اَهْلِ الْاِصْطِفَاءِ

بمقام

قادیان دارالامان


باہتمام حکیم فضل دین صاحب مطبع ضیاء الاسلام میں چھپا

تعداد جلد ۵۰۰۰ اپریل ۱۹۰۲ء


Facsimile of the original Urdu title page printed in 1902

# ഉദ്ബോധനം

ഈ ലേഖനം മുഖേന എന്റെ പ്രിയ രാജ്യനിവാസികൾക്ക് ഒരു സന്ദേശമെത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് സംബ ന്ധിച്ച് പ്രവാചകന്മാരുടെ മുൻകാല അനുഭവങ്ങളിൽ നിന്ന് ന മുക്ക് തെളിയുന്നത്, നമ്മുടെ ഈ സഹതാപത്തിന് ലഭിക്കുന്ന വില മൗലവിമാരിൽ നിന്നും പാതിരിമാരിൽ നിന്നും ഹിന്ദുമതപ ണ്ഡിറ്റുമാരിൽ നിന്നും വീണ്ടും നമുക്ക് അസഭ്യം കേൾക്കേണ്ടി വരും എന്നതാണ്. വിവിധങ്ങളായ ദുഖദായക പ്രഭാഷണങ്ങളാൽ നാം സ്മരിക്കപ്പെടുന്നതുമാണ്. ഇപ്രകാരം തന്നെയാണ് സംഭ വിക്കുക എന്നത് നമുക്ക് ആദ്യമെ അറിവുള്ള കാര്യവുമാണ്. എന്നാൽ പൊതുവെ യുള്ള മോശമായ വാക്കുകളാൽ നമ്മെ പ്ര യാസപ്പെടുത്തുമെന്നതിനേക്കാൾ മനുഷ്യകുലത്തോടുള്ള സഹതാ പത്തിനാണ് നാം പ്രാമുഖ്യം നൽകുന്നത്. കാരണം നൂറുകണക്കി നും ആയിരക്കണക്കിനും ഇത്തരം അസഭ്യം പറയുന്നവരിൽ നിന്നും ആകാശത്തു നിന്ന് അഗ്നി പതിക്കുമ്പോൾ, അടുത്ത ശൈത്യകാ ലത്ത് അധികമായി പതിക്കാൻ സാധ്യതയുമുണ്ട് - അന്നേരം ഈ ലേഖനത്തെ സൂക്ഷ്മതയോടെ വായിക്കുകയും വാൽസല്യത്തോടെ തങ്ങളെ ഉപദേശിക്കുന്ന ഈ വ്യക്തിയോട് അനിഷ്ടം പ്രകടിപ്പി ക്കാതെ അദ്ദേഹം സമർപ്പിച്ച കുറിപ്പടിയെ പരീക്ഷിച്ചു നോക്കാൻ സന്നദ്ധരാ കുന്നവർ ഉണ്ടായേക്കാം. കാരണം ഈ സഹതാപത്തിന് പകരമായി യാതൊരു പ്രതിഫലമോ പ്രത്യുപകാരമോ അവരിൽ നി ന്ന് ആവശ്യപ്പെട്ടിട്ടില്ല. കേവലം സത്യസന്ധമായ ആത്മാർഥതയും സദുദ്ദേശവും മുൻനിർത്തി മനുഷ്യജീവന്റെ രക്ഷയ്ക്കായി പരീക്ഷി ക്കപ്പെട്ട ഒരു പരിശുദ്ധ നിർദേശമാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. രോഗാവസ്ഥയിൽ മനുഷ്യൻ ചികിൽസാർഥം ചില മൃഗങ്ങളുടെ മൂത്രം കുടിക്കുകയും വിവിധങ്ങളായ അശുദ്ധവസ്തുക്കൾ ഉപയോ ഗിക്കുകയും ചെയ്യാറുണ്ട്. എന്നിരിക്കെ സ്വന്തം ജീവരക്ഷയ്ക്കാ യി ഈ പരിശുദ്ധ ചികിൽസ സ്വീകരിക്കുന്നതിൽ എന്ത് കുഴപ്പമാ ണുള്ളത്. അഥവാ അവർ അപ്രകാരം ചെയ്യുന്നില്ലെന്നു വന്നാലും ഈ പോരാട്ട കാലഘട്ടത്തിൽ സകല മതങ്ങളിലും വെച്ച് ഏത്

മതത്തെ സംബന്ധിച്ചാണ് ശിപാർശ ചെയ്യപ്പെടുന്നതും മോക്ഷദായകം എന്ന മാന്യപദം സാക്ഷാൽകരിക്കപ്പെടുക എന്നതും തിരിച്ചറിയുന്ന ഒരു നാൾ വന്നെത്തുന്നതാണ്. യഥാർഥ മോക്ഷദായകനെ എല്ലാവരും ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നതുമാണ്. അതിനാൽ യഥാർഥ മോക്ഷദായകൻ ആരാണെന്നെത് തെളിയിക്കപ്പെടേണ്ട സമയം നിസ്സംശയം വന്നെത്തിക്കഴിഞ്ഞിരിക്കുന്നു. മസീഹ് ഇബ്നു മർയമിനെ നിശ്ചയമായും ഒരു സാത്വികനായ വ്യക്തിയായി നാം അറിയുന്നു. അദ്ദേഹം തന്റെ കാലഘട്ടത്തിലെ ഭൂരിഭാഗം ആളുകളിൽ വച്ചും പരിശുദ്ധനായിരുന്നു. *വല്ലാഹു അഅ്ലം.* എന്നാൽ അദ്ദേഹം യഥാർഥ മോക്ഷദായകൻ ആയിരുന്നില്ല. അദ്ദേഹമാണ് യഥാർഥ മോക്ഷദായകൻ എന്ന് പറയുന്നത് അദ്ദേഹത്തിനുമേലുള്ള ആരോപണമാകുന്നു. യഥാർഥ മോക്ഷദായകനും ഖിയാമത്ത് നാൾ വരേക്കും മോക്ഷത്തിന്റെ ഫലം നൽകുകയും ചെയ്യുന്ന വ്യക്തി ഹിജാസിന്റെ ഭൂമിയിൽ പിറവിയെടുത്ത ആ മഹത്വ്യക്തിയാകുന്നു. അദ്ദേഹം മുഴുലോകത്തിന്റെയും മുഴുകാലഘട്ടത്തിന്റെയും മോക്ഷത്തിനായി ആഗതനായിരിക്കുന്നു. ഇപ്പോഴും വന്നിരിക്കുന്നു, എന്നാൽ പ്രതിഛായയായിക്കൊണ്ട്. അല്ലാഹു അതിന്റെ അനുഗ്രഹത്തെ മുഴുലോകത്തിനും പ്രയോജനകമാക്കിത്തീർക്കട്ടെ. ആമീൻ

വിനീതൻ
**മിർസാ ഗുലാം അഹ്മദ്**
ഖാദിയാൻ

---

☆ ഹദ്റത്ത് ഈസബ്നു മർയം തന്റെ കാലഘട്ടത്തിലെ ഭൂരിഭാഗം ആളുകളിൽ വെച്ചും പരിശുദ്ധനായിരുന്നു എന്ന് നാം പറഞ്ഞത് സദ്ഭാവനയോടു കൂടി മാത്രമാണെന്ന് ഓർത്തുകൊള്ളുക. ഹദ്റത്ത് ഈസാ(അ)ന്റെ കാലഘട്ടത്തിൽ ഭൂമിയിൽ അല്ലാഹുവിന്റെ ചില സാത്വികർ തങ്ങളുടെ സാത്വികതയിലും ദൈവ സാമീപ്യത്തിലും ഹദ്റത്ത് ഈസാ(അ)നെക്കാൾ ഉന്നതരും ശ്രേഷ്ഠരുമായി ഉണ്ടായിരുന്നിരിക്കാം. കാരണം അല്ലാഹു അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞത്: وَجِيهًا فِي الدُّنْيَا وَالْآخِرَةِ وَمِنَ الْمُقَرَّبِينَ (3:46) എന്നാണ്. ഇതിന്റെ അർഥം ഇപ്രകാരമാണ്, അക്കാലഘട്ടത്തിലെ സമീപസ്ഥരിൽ ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം എല്ലാ സാമീപ്യം കരസ്ഥമാക്കിയവരിലും ശ്രേഷ്ഠനായിരുന്നു എന്ന് ഇതിൽ നിന്നും തെളിയുന്നില്ല. പ്രത്യുത അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിലും

ഉത്തമരായ സാമീപ്യം കരസ്ഥമാക്കിയ ചിലർ  ഉണ്ടായിരിക്കാൻ സാധ്യതയുണ്ട് എന്നാണ് മനസ്സിലാകുന്നത്. അദ്ദേഹം ഇസ്രായീൽ സന്തതികളിലെ കാണാതെ പോയ ആടുകൾക്കു വേണ്ടി മാത്രമാണ് നിയോഗിക്കപ്പെട്ടത് എന്നത് സ്പഷ്ടമായ കാര്യമാണ്. മറ്റ് രാജ്യങ്ങളുമായും സമുദായങ്ങളുമായും അദ്ദേഹത്തിന് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. അതിനാൽ لَمۡ نَقۡصُصۡ (40:79) എന്നതിൽ ഉൾപ്പെട്ട അദ്ദേഹത്തിലും ഉത്തമരും ശ്രേഷ്ഠരും ആയ പ്രവാചകന്മാർ ഉണ്ടാവാനുള്ള സാധ്യത നിലനില്ക്കുന്നു, എന്നല്ല അങ്ങനെ തന്നെ അനുമാനിക്കാനാകും.  ഹദ്റത്ത് മൂസാ(അ)ന് എതിരിൽ ഒരാൾ വരികയും അയാളെ സംബന്ധിച്ച് അല്ലാഹു عَلَّمۡنٰهُ مِنۡ لَّدُنَّا عِلۡمًا (18:66) എന്ന് പറയുകയും ചെയ്തിട്ടുള്ളപ്പോൾ മൂസയെക്കാളും താഴ്ന്ന പദവിലുള്ള അദ്ദേഹത്തിന്റെ ശരീഅത്തിനെ പിൻപറ്റുകയും, സ്വയം ഒരു ശരീഅത്തും കൊണ്ടുവന്നിട്ടില്ലാത്ത, പരിഛേദനയിലും കർമശാസ്ത്ര കാര്യങ്ങളിലും പിൻതുടർച്ചാവകാശങ്ങളിലും പന്നിയെ നിഷിദ്ധമാക്കിയ കാര്യങ്ങളിലുമടക്കം മൂസായുടെ ശരീഅത്തിനെ പിൻപറ്റുന്ന വ്യക്തിയെ സംബന്ധിച്ച് അദ്ദേഹം തന്റെ കാലഘട്ടത്തിലെ എല്ലാ സാത്വികരെക്കാളും ഉത്തമനായിരുന്നു എന്ന് എങ്ങനെയാണ് പറയാൻ സാധിക്കുക.ക്രിസ്ത്യാനികളെ പോലെയുള്ളവർ അദ്ദേഹത്തെ ദൈവമാക്കുകയും  നമ്മുടെ എതിരാളികളും അല്ലാഹുവിന്റെ വിരോധികളുമായ നാമമാത്ര മുസ്ലിംകൾ അദ്ദേഹത്തിന് ദൈവീക ഗുണങ്ങൾ ചാർത്തിക്കൊടുത്ത് അദ്ദേഹത്തെ ഉയർത്തി ഉയർത്തി ആകാശത്തിൽ ഇരുത്തുകയോ അല്ലെങ്കിൽ സിംഹാസനത്തിൽ ഇരുത്തുകയോ അല്ലെങ്കിൽ അല്ലാഹുവിനെ പോലെ പക്ഷികളെ സൃഷ്ടിക്കുന്നവനെന്ന് സ്ഥാപിക്കുകയോ ചെയ്യുന്നെങ്കിൽ അത് അവരുടെ കാര്യമാണ്. മനുഷ്യൻ ലജ്ജയെയും നീതിയെയും ഉപേക്ഷിക്കുമ്പോൾ അവനിഷ്ടമുള്ളത് പറയുകയും ചെയ്യുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ മസീഹിന്റെ സാത്വികത തന്റെ കാലഘട്ടത്തിലെ മറ്റ് സാത്വികരെക്കാൾ ഉന്നതമായിരുന്നു എന്ന് സ്ഥാപിതമാകുന്നില്ല. മറിച്ച്, യഹ്‌യാ നബിക്ക് അദ്ദേഹത്തിലും ഒരു ശ്രേഷ്ഠതയുണ്ട്. കാരണം അദ്ദേഹം മദ്യം കഴിക്കാറുണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു ദുരാചാരിയായ സ്ത്രീ വന്ന് തന്റെ സമ്പാദ്യത്തിൽ നിന്ന് അദ്ദേഹത്തിന്റെ തലയിൽ അത്തർ പുരട്ടിയതായോ അല്ലെങ്കിൽ കരങ്ങളും തന്റെ തലമുടിയും കൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ സ്പർശിച്ചതായോ അല്ലെങ്കിൽ ഒരു ബന്ധവുമില്ലാത്ത ഒരു സ്ത്രീ വന്ന് അദ്ദേഹത്തെ സേവിച്ചതായോ ഒരിക്കലും കേട്ടിട്ടുമില്ല. അക്കാരണം കൊണ്ട് തന്നെയാണ് അല്ലാഹു വിശുദ്ധഖുർആനിൽ യഹ്‌യയുടെ നാമം *ഹസൂർ (ചാരിത്ര്യവാൻ)*  എന്ന് നൽകിയത്. എന്നാൽ മസീഹിന് ഈ നാമം നൽകിയില്ല. കാരണം ഇത്തരത്തിലുള്ള കഥകൾ അത്തരം നാമം നൽകുന്നതിന് വിരുദ്ധമാണ്. കൂടാതെ ഹദ്റത്ത് ഈസാ(അ) ക്രിസ്ത്യാനികൾ യോഹന്ന എന്ന് വിളിക്കുന്ന, നേരത്തേ തന്നെ ഏലിയാവാക്കിയ യഹ്‌യായുടെ കയ്യിൽ തന്റെ പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കുകയും അദ്ദേഹത്തിന്റെ സവി

ശേഷ അനുചരന്മാരിൽ ഉൾപ്പെടുകയും ചെയ്തിരുന്നു. ഇത് ഹദ്റത്ത് യഹ്യാ യുടെ ശ്രേഷ്ഠതയെ സ്പഷ്ടമായി തെളിയിക്കുന്നു. കാരണം അതിന് വിരുദ്ധ മായി യഹ്യാ ആരുടെയെങ്കിലും കയ്യിൽ തൗബ ചെയ്തതായി തെളിയുന്നില്ല. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ വിശുദ്ധി സ്പഷ്ടമായ വസ്തുതയാണ്. ഈസാ യും അദ്ദേഹത്തിന്റെ മാതാവും പൈശാചിക സ്പർശനത്തിൽ നിന്ന് പരിശുദ്ധ രാണെന്ന് മുസ്‌ലിംകളിൽ അറിയപ്പെടുന്ന ഒരു വസ്തുതയാകുന്നു. ഇതിന്റെ യാഥാർഥ്യം അജ്ഞരായ ജനങ്ങൾ മനസ്സിലാക്കുന്നില്ല. യാഥാർഥ്യം ഇതാകുന്നു, അശുദ്ധരായ യഹൂദികൾ ഹദ്റത്ത് ഈസയിലും അദ്ദേഹത്തിന്റെ മാതാവിലും വളരെ മ്ലേഛമായ ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. രണ്ടു പേർക്കുമെതിരിൽ *നഊദുബില്ലാഹ്* പൈശാചിക പ്രവർത്തികളുടെ പഴി ചുമത്താറുണ്ടായിരുന്നു. അതിനാൽ ഈ ദുരാരോപണത്തിന്റെ ഖണ്ഡനം അനിവാര്യമായിരുന്നു. അക്കാ രണത്താൽ ഹദ്റത്ത് ഈസായിലും അദ്ദേഹത്തിന്റെ മാതാവിലും ചുമത്തിയിരുന്ന ഈ ദുരാരോപണങ്ങൾ ശരിയായിരുന്നില്ല, ആ അർഥത്തിൽ അവർ പൈശാചിക സ്പർശനത്തിൽ നിന്നും മുക്തരായിരുന്നു എന്നാണ് പ്രസ്തുത ഹദീസിന്റെ വിവക്ഷ. ഇത്തരത്തിൽ പരിശുദ്ധരാകുന്ന സംഭവം മറ്റൊരു പ്രവാചകനും ഒരി ക്കലും ഉണ്ടായിട്ടില്ല.

*ബിസ്മില്ലാഹിർറഹ്മാനിർറഹീം*
*നഹ്മദുഹു വനുസല്ലീ അലാ റസൂലിഹിൽ കരീം*

# പ്ലേഗ്

*ദൈവത്തിൽ നിന്ന് പ്ലേഗ് വരുമ്പോൾ*
*അതിനെ ബഹുമാനത്തോടെ കാണുക*
*അല്ലയോ അധർമകാരി നീ സ്വയം ശപിക്കപ്പെട്ടവനാകുന്നു*
*അതിന്റെ നാമം ശപിക്കപ്പെട്ടതെന്ന് എന്തിനാണ് വെയ്ക്കുന്നത്*
*ഇത് പശ്ചാത്താപത്തിന്റെയും പരിഷ്കരണത്തിന്റെയും*
*തിന്മ വെടിയുന്നതിന്റെയും കാലമാകുന്നു*
*ഇനിയും തിന്മയെ പുണർന്നു നിൽക്കുന്നവന്റെ*
*പര്യവസാനം നല്ലതായിരിക്കില്ല.*

രാജ്യത്ത് പടർന്ന് പിടിച്ചു കൊണ്ടിരിക്കുന്ന ഈ ഭയാനക വ്യാധിയെ സംബന്ധിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളാണ്. കേവലം ഭൗതിക ആസൂത്രണങ്ങളിൽ വരെ പരിമിതമായ ചിന്തകൾ ഉള്ള ഡോക്ടർമാർ ഊന്നൽ നൽകുന്നത്, പ്രകൃതിപരമായ കാരണങ്ങളാൽ ഭൂമിയിൽ ഉടലെടുക്കുന്ന ചില കീടങ്ങൾ ആദ്യം എലികളിൽ തങ്ങളുടെ ദുഷ്പ്രഭാവം ഉണ്ടാക്കുകയും☆ പിന്നീട് മനുഷ്യരിൽ മരണത്തിന്റെ പരമ്പര തന്നെ ആരംഭിക്കുകയും ചെയ്യുന്നു എന്നാണ്.

മതപരമായ ചിന്തകളുമായി ഇതിന് യാതൊരു ബന്ധവുമില്ല. എന്നാൽ തങ്ങളുടെ വീടുകളെയും തോടുകളെയും എല്ലാ

---

☆വൈദ്യശാസ്ത്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്ലേഗിനെ തിരിച്ചറിയുന്നതിനുള്ള അനിവാര്യ അടയാളം എന്തെന്നാൽ ഭാഗ്യദോഷമുള്ള ഏതെങ്കിലും ഗ്രാമത്തിലോ പട്ടണത്തിലോ  അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ ഭയാനകമായ വ്യാധി പടർന്നു പിടിക്കുകയാണെങ്കിൽ അവിടെ ഏതാനും

വിധത്തിലുള്ള മാലിന്യങ്ങളിൽ നിന്നും മലീമസങ്ങളിൽ നിന്നും സംരക്ഷിക്കുകയും വൃത്തിയാക്കി വെക്കുകയും ഫിനായൽ പോലുള്ളവ ഉപയോഗിച്ച് ശുചീകരിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. കെട്ടിടങ്ങളെ അഗ്നിയാൽ ചൂടാക്കി വെക്കുകയും വായുവും പ്രകാശവും കടന്നു വരുന്ന രീതിയിൽ തയ്യാറാക്കുകയും ചെയ്യുക. ഒരു കെട്ടിടത്തിലും ജനങ്ങളുടെ ആധിക്യം ഉണ്ടാകാൻ പാടില്ല. അവരുടെ വായിൽ നിന്നു പുറപ്പെടുന്ന ബാഷ്പവും മലമൂത്രങ്ങൾ മുതലായവ കാരണത്താലും അധികമായി കീടങ്ങൾ ഉടലെടുക്കാതിരിക്കുന്നതിനായി. പഴകിയ ആഹാരങ്ങൾ ഭക്ഷിക്കാതിരിക്കുക. ഏറ്റവും ഉത്തമമായ ചികിൽസ കുത്തിവെയ്പ് നടത്തുക എന്നതാണ്. വീട്ടിൽ ചത്ത എലിയെ കണ്ടെത്തിയാൽ ആ വീട് വിട്ട് വെളിയിൽ തുറന്ന മൈതാനത്ത് കഴിച്ചുകൂട്ടുന്നതാണ് ഉത്തമം. വൃത്തിഹീനമായ വസ്ത്രങ്ങൾ ഉപേക്ഷിക്കുക. പ്രഭാവിതവും വൃത്തിഹീനവുമായ കെട്ടിടത്തിൽ നിന്ന് അവരുടെ ഗ്രാമത്തിലേക്കോ പട്ടണത്തിലേക്കോ ആരെങ്കിലും വരികയാണെങ്കിൽ അവരെ തടയുക. അത്തരത്തിലുള്ള ഏതെങ്കിലും ഗ്രാമത്തിലേയോ പട്ടണത്തിലേയോ ആർക്കെങ്കിലും ഈ രോഗം ബാധിക്കുകയാണെങ്കിൽ അയാളെ പുറത്താക്കുക. അയാളുമായുള്ള സംസർഗം ഉപേക്ഷിക്കുക. പ്ലേഗിന്റെ പ്രതിവിധിയെ സംബന്ധിച്ചുള്ള അവരുടെ കാഴ്ചപ്പാട് ഇതെല്ലാമാണ്. സമർഥരായ ഡോക്ടർമാരുടെയും വൈദ്യന്മാരുടെയും അഭിപ്രായമാണിത്. ഇതിനെ നാം മതിയായതും സ്ഥായിയായതുമായ ഒരു ചികിൽസയായി മാനിക്കുന്നില്ല. എന്നാൽ ഇതിനെ നിഷ്പ്രയോജനകാരിയായും സമർഥിക്കുന്നില്ല. മതിയായതും സ്ഥായിയായതുമായ ചികിൽസയായി ഇതിനെ കണക്കാക്കാത്തതിന്റെ കാരണമെന്തെന്നാൽ അനുഭവം പറയുന്നത്, പുറത്തു പോ

---

നാളുകൾക്കുമുമ്പ് തന്നെ ചത്ത എലികളെ കണ്ടെത്തുന്നതാണ്. അതിനാൽ കേലവം പനി മൂലം ഏതെങ്കിലും ഗ്രാമത്തിൽ ഏതാനും മരണങ്ങൾ സംഭവിക്കുകയും അവിടെ ചത്ത എലികളെ കണ്ടെത്തുകയും ചെയ്തിട്ടില്ലായെങ്കിൽ അത് പ്ലേഗായിരിക്കില്ല. മറിച്ച് ടൈഫോയിഡ് വിഭാഗത്തിൽ പെടുന്ന ഒരു നാശകാരിയായ ജ്വരമാകുന്നു.

യിട്ടും ചിലർ മരണപ്പെട്ടിരിക്കുന്നു, ചിലർ വൃത്തിയുടെ കാര്യത്തിൽ സൂക്ഷ്മത പാലിച്ചിട്ടും ഈ ലോകത്ത് നിന്ന് വിടപറഞ്ഞിരിക്കുന്നു, ചിലർ വലിയ പ്രതീക്ഷയോടെ കുത്തിവെയ്പ്പ് നടത്തിയിട്ടും ഖബറിലേക്ക് എത്തപ്പെട്ടു എന്നതാണ്. അതിനാൽ ഈ എല്ലാ ആസൂത്രണങ്ങളും മതിയായ ചികിൽസയാണ് എന്ന് ആർക്കാണ് പറയാൻ സാധിക്കുക, അല്ലെങ്കിൽ ആർക്കാണ് നമ്മെ തൃപ്തിപ്പെടുത്താൻ സാധിക്കുക. ഇത്തരത്തിലുള്ള എല്ലാ രീതികളും ഒരു പരിധിവരെ പ്രയോജനകാരിയാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും ഇത്തരം ആസൂത്രണങ്ങളാൽ പ്ലേഗിൽനിന്നും രാജ്യത്തെ മുക്തമാക്കുന്നതിൽ പൂർണ വിജയം ലഭിക്കുന്നതാണ് എന്ന് ആർക്കാണ് പറയാൻ സാധിക്കുക.

അപ്രകാരം തന്നെ ഈ ആസൂത്രണങ്ങൾ തികച്ചും പ്രയോജനരഹിതവുമല്ല. കാരണം എവിടെയെല്ലാം അല്ലാഹുവിന്റെ ഇഛയുണ്ടോ അവിടെയെല്ലാം ഇതിന്റെ ഗുണങ്ങളും അനുഭവിച്ചറിയാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ പ്രയോജനം സന്തോഷദായകമല്ല. ഉദാഹരണമായി ഒരു ഭാഗത്ത് നൂറ് പേർ കുത്തിവെപ്പ് നടത്തുകയും മറുഭാഗത്ത് നൂറ് പേർ കുത്തിവെപ്പ് നടത്താതിരിക്കുകയും ചെയ്യുന്നുവെന്ന് കരുതുക. കുത്തിവെപ്പ് നടത്താത്തവരിലുള്ള മരണസംഖ്യ കുത്തിവെപ്പ് നടത്തിയവരെക്കാൾ കൂടുതലായിരിക്കും എന്നത് യാഥാർഥ്യം തന്നെയാണ്. എന്നിരുന്നാലും കുത്തിവെപ്പിന്റെ പ്രഭാവം കൂടിവന്നാൽ രണ്ടോ മൂന്നോ മാസം വരെ മാത്രമെ നിലനിൽക്കുകയുള്ളു. അതിനാൽ കുത്തിവെപ്പ് നടത്തിയവരും ഈ ലോകത്ത് നിന്ന് വിടപറയുന്നതുവരെ അപകടമേഖലയിൽ തന്നെയായിരിക്കും നിലകൊള്ളുക. ഇവർ തമ്മിലുള്ള വ്യത്യാസം എത്രത്തോളമെന്നാൽ കുത്തിവെപ്പ് നടത്താത്തവർ 24 മണിക്കൂറിൽ മരണഗേഹത്തിലേക്ക് എത്തിപ്പെടുന്ന വാഹനത്തിലാണ് യാത്ര ചെയ്യുന്നത്. എന്നാൽ കുത്തിവെപ്പ് നടത്തിയവർ 24 ദിവസം കൊണ്ട് മരണഗേഹത്തിലേക്ക് സാവധാനം എത്തിച്ചേരുന്ന വാഹനത്തിലും. എന്ത്തന്നെയായാലും വൈദ്യശാസ്ത്ര നിലപാടനുസരിച്ച് അവലംബമാക്കുന്ന ഈ

എല്ലാ മാർഗങ്ങളും മതിയായതോ പൂർണ സംതൃപ്തി നൽകുന്നതോ അല്ല. എന്നാൽ തികച്ചും നിഷ്ക്രിയമോ ഫലശൂന്യമോ അല്ല താനും. പ്ലേഗ് വളരെ ദ്രുതഗതിയിൽ രാജ്യത്തെ കാർന്നു തിന്നുന്നതിനാൽ മനുഷ്യരെ അതിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി മറ്റെന്തെങ്കിലും മാർഗം ചിന്തിക്കുന്നതിലാണ് മനുഷ്യകുലത്തോടുള്ള സഹതാപമുള്ളത്.

മിയാൻ ശംസുദ്ദീൻ സെക്രട്ടറി അഞ്ചുമൻ ഹിമായത്തെ ഇസ്ലാം ഈ മാസം അതായത് 1906 ഏപ്രിലിൽ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ ഊന്നി പറഞ്ഞിരിക്കുന്ന കാര്യം എല്ലാ മുസ്ലിം കക്ഷികളും ശിയാക്കളും സുന്നികളും മുഖല്ലിദും ഗൈർ മുഖല്ലിദും മൈതാനങ്ങളിൽ എത്തിച്ചേർന്ന് തങ്ങളുടെതായ രീതിയിൽ ദുആ ചെയ്യുകയും ഒരേ തീയതിയിൽ ഒരുമിച്ച് ചേർന്ന് നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യുകയാണെങ്കിൽ ഈയൊരു മാർഗത്തിലൂടെ പ്ലേഗിനെ ഉടൻതന്നെ അകറ്റാം എന്നാണ്. മുസ്ലിംകൾ അങ്ങനെയാണ് മനസിലാക്കിയിരിക്കുന്നത്. എന്നാൽ എങ്ങനെയാണ് ഒരുമിച്ച് കൂടുക. അതിനുള്ള മാർഗം പറഞ്ഞിട്ടില്ല. വഹാബി കക്ഷികളുടെ അഭിപ്രായത്തിൽ ഫാതിഹ ഓതാതെ നമസ്കാരം ശരിയാകില്ല. അത്തരം വേളയിൽ അവരോടൊപ്പം ഹനഫികളുടെ നമസ്കാരം എങ്ങനെയാണ് സാധ്യമാകുക. പരസ്പരം കലഹമല്ലേ ഉടലെടുക്കുക. കൂടാതെ ഈ രോഗത്തിൽ നിന്ന് രക്ഷനേടാൻ ഹിന്ദുക്കൾ എന്താണ് ചെയ്യേണ്ടതെന്ന് ഈ വിളംബരം എഴുതുന്നവർ വെളിപ്പെടുത്തിയിട്ടുമില്ല. ഈ സന്ദർഭത്തിൽ തങ്ങളുടെ വിഗ്രഹങ്ങളോട് സഹായമർഥിക്കാൻ അവർക്ക് അനുവാദം ഉണ്ടോ? ക്രിസ്ത്യാനികൾ എന്ത് മാർഗമാണ് അവലംബിക്കേണ്ടത്? ഹദ്റത്ത് ഹുസൈനെയോ അലി(റ)യേയോ തങ്ങളുടെ ആവശ്യങ്ങളെ പൂർത്തീകരിച്ചു തരുന്നവരായി വിശ്വസിക്കുകയും മുഹർറത്തിലെ☆ വിലാപയാത്രയിൽ ആഗ്രഹപൂർത്തീകരണത്തിനായി ആയിരക്കണക്കിന്

☆ ഈ മുഹർറം മാസം വളരെ അനുഗൃഹീതമായ മാസമാകുന്നു. തിർമിദിയിൽ ഇതിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് നബി തിരുമേനി(സ)യുടെ ഒരു ഹദീസ് എഴുതപ്പെട്ടിട്ടുണ്ട്. പറയുന്നു, *ഫീഹി യൗമുൻ താബല്ലാഹു അലാ*

അർഥനകൾ സമർപ്പിക്കുന്നവരും, അല്ലെങ്കിൽ സയ്യദ് അബ്ദുൽ ഖാദിർ ജീലാനിയെ പൂജിക്കുന്നവരും അല്ലെങ്കിൽ ശാഹ് മദാർ അല്ലെങ്കിൽ സഖി സർവറിനെ പൂജിക്കുന്നവരും എന്താണ് ചെയ്യേണ്ടത്? ഈ സമയത്ത് പ്രസ്തുത എല്ലാ കക്ഷികളും ദുആ ചെയ്യുന്നില്ല എന്നാണോ? പ്രത്യുത ഓരോ കക്ഷിയും ഭയചകിതരായിക്കൊണ്ട് താന്താങ്ങളുടെ ആരാധ്യനെ വിളിക്കുന്നുണ്ട്. ശിയാക്കളുടെ മഹല്ലിലൂടെ ഒന്ന് കടന്നുപോയി നോക്കുക. അവിടുള്ള എല്ലാ വീടുകളുടെ വാതിലുകളിലും ഈ പദ്യം പതിപ്പിച്ചിട്ടുണ്ടാകും.

*ലീ ഖംസതൻ ഉത്ഫീ ബിഹാ*

*ഹർറൽ വബാഇൽ ഹാതിമഹ്*

*അൽമുസ്തഫാ വൽമുർതസാ*

*വബ്നാഹുമാ വൽ ഫാതിമഹ്* ☆

എന്റെ ഉസ്താദ് ബഹുമാന്യനായ ഒരു ശിയ ആയിരുന്നു. അദ്ദേഹം പറഞ്ഞിരുന്നത് വ്യാധികളുടെ പരിഹാരം കേവലം *തവല്ലനും തബർറയും(സൗഹാർദവും ബന്ധം വിച്ഛേദിക്കലും)* യും ആണെന്നാണ്. അതായത് അഹ്‌ലെ ബയ്ത്തിലെ ഇമാമുമാരോടുള്ള സ്നേഹത്തെ ആരാധനയുടെ പരിധിയോളം

---

*ഖൗമിൻ വയതൂബു ഫീഹി അലാ ഖൗമിൻ ആഖരീൻ.* അതായത് മുഹർറത്തിൽ ഒരു ദിവസം ഉണ്ട് അന്ന് അല്ലാഹു കഴിഞ്ഞ കാലഘട്ടത്തിലെ ഒരു സമുദായത്തിന് വിപത്തിൽ നിന്ന് രക്ഷ നൽകിയിരുന്നു. അപ്രകാരം തന്നെ ഇതേ മാസത്തിൽ മറ്റൊരു സമുദായത്തിനും രക്ഷ ലഭിക്കുന്നതാണെന്നത് വിധിക്കപ്പെട്ടിരിക്കുന്നു. ഈ വിപത്ത് കൊണ്ടുള്ള വിവക്ഷ കോളറയാണെന്നും അല്ലാഹുവിന്റെ നിയോഗിതനെ പിൻപറ്റുന്നതിന്റെ ഫലമായി ഈ വിപത്ത് രാജ്യത്ത് നിന്നും അപ്രത്യക്ഷമാകും എന്നതിൽ എന്തൽഭുതമാണുള്ളത്. പ്ലേഗിനെ വിപാടനം ചെയ്യുന്നതിനായി മുസ്‌ലിംകൾ വിഭാവനം ചെയ്തിട്ടുള്ള ചിന്തകളാണിവ.

☆തകർത്തു കളയുന്ന എല്ലാ മഹാമാരികളുടെയും ഉഷ്ണം ശമിപ്പിക്കാനായി എനിക്ക് അഞ്ചുപേരാണുള്ളത്. (മുഹമ്മദ്) മുസ്തഫയും, (അലി) മുർത്തളയും ഫാത്തിമയും അവരുടെ രണ്ടു മക്കളും( ഹസ്സനും ഹുസൈനും). വിവ:

എത്തിക്കുകയും സഹാബാക്കൾ(റ)നെ അസഭ്യം പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുക. ഇതിനേക്കാൾ ഉത്തമമായ മറ്റൊരു പരിഹാരവും ഇല്ല. ബോംബെയിൽ കോളറ ആരംഭിച്ചപ്പോൾ ഇത് ഇമാം ഹുസൈന്റെ അൽഭുത ദൃഷ്ടാന്തമാണെന്നാണ് ജനങ്ങൾ ആദ്യം കരുതിയതെന്ന് ഞാൻ കേൾക്കുകയുണ്ടായി. കാരണം ശിയാക്കളുമായി കലഹിച്ച ഏതാനും ഹിന്ദുക്കളിലാണ് പ്ലേഗ് കണ്ടുതുടങ്ങിയത്. പിന്നീട് അതേ വ്യാധി ശിയാക്കളിലും വ്യാപിച്ചപ്പോൾ യാ ഹുസൈൻ എന്ന മുദ്രാവാക്യം വിളി കുറഞ്ഞുവന്നു.

ക്രിസ്തുമത വിശ്വാസികളുടെ അഭിപ്രായങ്ങളെ വെളിപ്പെടുത്തുന്നതിനായി ഇപ്പോൾ പാതിരി വൈറ്റ് ബരേക്ത് സാഹിബും അദ്ദേഹത്തിന്റെ അഞ്ചുമനും ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പറയുന്നത് കോളറയെ അകറ്റുന്നതിനായി ഹദ്റത്ത് മസീഹിനെ ദൈവമായി അംഗീകരിക്കുകയും അദ്ദേഹത്തിന്റെ പാപപരിഹാര സിദ്ധാന്തത്തിൽ വിശ്വസിക്കുകയും ചെയ്യുകയല്ലാതെ മറ്റൊരു മാർഗവുമില്ല എന്നാണ്.

ഹിന്ദുക്കളിൽ നിന്നുള്ള ആര്യമതക്കാർ പറയുന്നത്, വേദത്തെ ഉപേക്ഷിച്ചതുകൊണ്ടാണ് പ്ലേഗെന്ന ഈ വിപത്ത് വന്നിരിക്കുന്നത് എന്നാണ്. എല്ലാ വിഭാഗങ്ങളും വേദത്തിലെ സത്‌വിദ്യയിൽ വിശ്വസിക്കുകയും എല്ലാ പ്രവാചകന്മാരെയും *നഊദുബില്ലാഹ്* കറ്റുകെട്ടുകാരായി പ്രഖ്യാപിക്കുകയും ചെയ്തെങ്കിൽ മാത്രമേ പ്ലേഗിൽ നിന്നും മോചനം സാധ്യമാകുകയുള്ളു എന്നാണ്.

ഹിന്ദുക്കളിൽ നിന്നുള്ള 'സനാതനധർമം' വിഭാഗം പ്ലേഗിനെ അകറ്റുന്നതിനായി വെളിപ്പെടുത്തിയിട്ടുള്ള വിചിത്രമായ അഭിപ്രായത്തെ സംബന്ധിച്ച് അഖ്ബാർആം പത്രത്തിൽ വായിച്ചില്ലായിരുന്നുവെങ്കിൽ നമുക്ക് അറിവ് ലഭിക്കില്ലായിരുന്നു. അവരുടെ അഭിപ്രായത്തിൽ പ്ലേഗിനുള്ള കാരണം പശുവാകുന്നു. സർക്കാർ ഈ രാജ്യത്ത്  ഗോവധം നിരോധിക്കുകയാണെങ്കിൽ പ്ലേഗ് ഒരിക്കലും ഉണ്ടാകില്ല എന്നാണ് അവർ പറയുന്നത്. മാത്രമല്ല എന്റെ കാരണത്താലാണ് ഈ രാജ്യത്ത് പ്ലേഗ് ഉണ്ടായത് എന്ന് ഒരു പശു പറഞ്ഞതായി ഒരാൾ കേൾക്കുക

യുണ്ടായി എന്ന് അവർ പ്രസ്തുത പത്രത്തിൽ ഒരിടത്ത് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

ഇനി അല്ലയോ ശ്രോതാക്കളെ സ്വയം ചിന്തിക്കുക. ഇത്രത്തോളം വ്യത്യസ്തമായ അഭിപ്രായങ്ങളിൽ നിന്നും വാദങ്ങളിൽ നിന്നും ഏതാണ് ലോകത്തിന് മുന്നിൽ വ്യക്തവും സ്പഷ്ടവുമായ പ്രഭാവം ചെലുത്തുക. ഇതെല്ലാം തന്നെ വിശ്വാസപരമായ കാര്യങ്ങളാണ്. ഈ അതിസങ്കീർണമായ സമയത്ത് ലോകം ഈ വിശ്വാസങ്ങളിൽ തീരുമാനം കല്പിക്കുമ്പോഴേക്കും ലോകം തന്നെ നശിച്ചു പോയേക്കാം. അതിനാൽ പെട്ടെന്നു തന്നെ മനസ്സിലാകുന്നതും തെളിവ് ഉൾക്കൊള്ളുന്നതുമായ കാര്യമാണ് സ്വീകാര്യയോഗ്യമായിത്തീരുക. അതിനാൽ ഞാൻ അക്കാര്യം തെളിവുകളോടു കൂടി സമർപ്പിക്കുകയാണ്. നാലു വർഷങ്ങൾക്ക് മുമ്പ് പഞ്ചാബിൽ മാരകമായ പ്ലേഗ് പടർന്നു പിടിക്കാൻ പോകുന്നു എന്ന ഒരു പ്രവചനം ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. ഈ രാജ്യത്ത് പ്ലേഗിന്റെ കറുത്ത വൃക്ഷം കാണുകയും അതിനെ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും വച്ചുപിടിപ്പിക്കുന്നതായും കാണുകയുണ്ടായി. അഥവാ ജനങ്ങൾ പശ്ചാത്തപിച്ച് മടങ്ങുകയാണെങ്കിൽ ഈ വ്യാധി രണ്ട് ശൈത്യത്തിൽ കൂടുതൽ നിലനിൽക്കുന്നതല്ല. അല്ലാഹു അതിനെ വിപാടനം ചെയ്യുന്നതാണ്. എന്നാൽ പശ്ചാത്തപിച്ച് മടങ്ങുന്നതിന് പകരമായി എന്നിൽ അസഭ്യം ചൊരിയുകയും എനിക്കെതിരിൽ വളരെ നിന്ദ്യമായ വാക്കുകളാൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായാണ് ഇന്ന് കാണുന്ന ഈ പ്ലേഗിന്റെ അവസ്ഥ സംജാതമായത്. എന്നിൽ ഇറങ്ങിയ അല്ലാഹുവിന്റെ ആ പരിശുദ്ധ വെളിപാടിലെ വാക്കുകൾ ഇപ്രകാരമാണ്.

اِنَّ اللّٰهَ لَا يُغَيِّرُ مَا بِقَوۡمٍ حَتّٰى يُغَيِّرُوۡا مَا بِاَنۡفُسِهِمۡ اِنَّهٗ اٰوَى الۡقَرۡيَةَ۔

അതായത് ജനങ്ങൾ അവരുടെ ഹൃദയത്തിലുള്ള ചിന്തകളെ മാറ്റുന്നതുവരെ അല്ലാഹു പ്ലേഗെന്ന വിപത്തിനെ അകറ്റുന്നതല്ല എന്ന് അവൻ തീരുമാനിച്ചിരിക്കുന്നു. അതായത് അവർ അല്ലാഹുവിന്റെ നിയോഗിതനെയും റസൂലിനെയും വിശ്വസിക്കാത്തതുവരെ പ്ലേഗ് വിട്ടുപോകുന്നതല്ല. സർവശക്തനായ

അല്ലാഹു ഖാദിയാനെ പ്ലേഗിന്റെ നാശത്തിൽ☆ നിന്നും സംരക്ഷിക്കുന്നതാണ്. ഖാദിയാന് സംരക്ഷണം നൽകിയിരിക്കുന്നത് അല്ലാഹുവിന്റെ റസൂലും നിയോഗിതനും ഖാദിയാനിൽ ഉണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്.

---

☆ *അവാ* എന്നത് അറബി പദമാകുന്നു. നാശത്തിൽ നിന്നും അരാജകത്വത്തിൽ നിന്നും രക്ഷിച്ച് തന്റെ അഭയത്തിൽ കൊണ്ടുവരിക എന്നാണ് അതിനർഥം. ഇത് സൂചിപ്പിക്കുന്നത്, പ്ലേഗുകളിൽ വെച്ച് ഏറ്റവും നാശകാരിയായത് *ത്വാഊൻ ജാരിഫ* എന്ന രോഗമാണ്. അതായത് അടിച്ചുവാരുന്നത്. അതിൽ പരിഭ്രാന്തരായി ജനങ്ങൾ ചിതറിയോടുകയും പട്ടികളെപോലെ മരിച്ചു വീഴുകയും ചെയ്യുന്നതാണ്. ഇത് മനുഷ്യന് അസഹ്യമായിരിക്കും. ഈ അവസ്ഥ ഒരിക്കലും ഖാദിയാനിൽ ഉണ്ടാവില്ല എന്നാണ് ഈ ദൈവീക വചനത്തിലുള്ള വാഗ്ദാനം. لو لا الاكرام لهلك المقام എന്ന രണ്ടാമത്തെ വെളിപാട് അതിനെ വിശദീകരിക്കുന്നു. അതായത് അഥവാ ഈ ജമാഅത്തിന്റെ അന്തസ്സ് എന്റെ ലക്ഷ്യം അല്ലായിരുന്നുവെങ്കിൽ ഞാൻ ഖാദിയാനെയും നശിപ്പിക്കുമായിരുന്നു. ഈ വെളിപാടിലൂടെ രണ്ട് കാര്യങ്ങൾ മനസ്സിലാകുന്നു. ഒന്നാമതായി വിനാശകാരിയും വിഭ്രാന്തിജനകവും മനുഷ്യന് അസഹ്യവുമായ നിലയിലല്ലാത്തവിധം വല്ലപ്പോഴും ഖാദിയാനിൽ ഇത്തരം സംഭവം ഉണ്ടാകാവുന്നതാണ്. കാരണം വല്ലപ്പോഴും എന്നത് ഇല്ലാത്തതിന് സമമാകുന്നു. രണ്ടാമതായി താരതമ്യത്തിൽ ഖാദിയാനേക്കാൾ അധികമായി അക്രമികളും അപരാധികളും ദുഷ്കർമികളും ദ്രോഹികളും അധർമികളും ഈ ജമാഅത്തിന്റെ അപകടകാരികളായ ശത്രുക്കളും വസിക്കുന്ന ഗ്രാമങ്ങളിലും പട്ടണങ്ങളിലും നിശ്ചയമായും വിനാശകാരിയായ കോളറ പൊട്ടിപ്പുറപ്പെടുന്നതാണ്. തൽഫലമായി ജനങ്ങൾ പരിഭ്രാന്തരായി നാലുംപാടും ചിതറിയോടുന്നതാണ്. *അവാ* എന്ന പദം എത്രത്തോളം വിശാലമാണോ അതിനനുസരിച്ചാണ് നാം വിവക്ഷ നൽകിയത്. ഗ്രാമങ്ങളെ വിജനമാക്കുന്നതും നശിപ്പിച്ചുകളയുന്നതുമായ *ത്വാഊൻ ജാരിഫ്* ഖാദിയാനിൽ ഒരിക്കലും വരില്ലെന്ന് നാം ഉറപ്പിച്ചു പറയുന്നു. എന്നാൽ അതിന് വിരുദ്ധമായി അക്രമികളും അപരാധികളും വസിക്കുന്ന മറ്റ് പട്ടണങ്ങളിലും ഗ്രാമങ്ങളിലും നിശ്ചമായും ഭയാനകമായ അവസ്ഥ സംജാതമാകുന്നതാണ്. മുഴുലോകത്തിലും വച്ച് ഖാദിയാനെ സംബന്ധിച്ച് മാത്രമാണ് ഈ വാഗ്ദാനം ഉള്ളത്. فَالْحَمْدُ لِلّٰهِ عَلٰى ذٰلِك

ഇനി നോക്കുക, മൂന്ന് വർഷമായിട്ട് പ്രസ്തുത രണ്ട് ഭാഗങ്ങളും പൂർത്തിയായിരിക്കുന്നു എന്ന് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. അതായത് ഒരു ഭാഗത്ത് മുഴുവൻ പഞ്ചാബിലും പ്ലേഗ് വ്യാപിച്ചു കഴിഞ്ഞു. മറുഭാഗത്ത് ഖാദിയാന്റെ നാലു ഭാഗങ്ങളിലും രണ്ട് മൈൽ ദൂരം വരെ പ്ലേഗിന്റെ ശക്തമായ സ്വാധീനം ഉണ്ടായിട്ടും ഖാദിയാൻ അതിൽ നിന്ന് മുക്തമാണ്. മാത്രമല്ല ഇന്നുവരെ പ്ലേഗ് ബാധിച്ച ആരെല്ലാം പുറത്ത് നിന്ന് ഖാദിയാനിലേക്ക് വന്നിട്ടുണ്ടോ അവർ അതിൽ നിന്ന് സുഖപ്പെടുകയും ചെയ്തിരിക്കുന്നു. ഇന്നേക്ക് നാല് വർഷം മുമ്പ് പറഞ്ഞ കാര്യങ്ങൾ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു എന്നതിന് ഇതിലും വലിയ തെളിവ് മറ്റെന്താണ്. പ്ലേഗിനെ സംബന്ധിച്ചുള്ള അറിയിപ്പ് ഇന്നേക്ക് 22 വർഷങ്ങൾക്ക് മുമ്പ് തന്നെ ബറാഹീനെ അഹ്മദിയ്യായിൽ നൽകിയിരുന്നു.☆

അദൃശ്യകാര്യങ്ങളിലുള്ള ഈ അറിവ് അല്ലാഹുവല്ലാതെ മറ്റാരുടെയും കഴിവിൽ പെട്ടതല്ല. ചുരുക്കത്തിൽ ഈ വ്യാധിയുടെ വിപാടനത്തിനായി അല്ലാഹു എനിക്ക് നൽകിയ സന്ദേശം ഇതാകുന്നു; ജനങ്ങൾ സത്യഹൃദയത്തോടെ എന്നെ വാഗ്ദത്ത മസീഹായി വിശ്വസിക്കുക. അഥവാ മിയാൻ ശംസുദ്ദീൻ

---

☆ ഇന്നേക്ക് 10 വർഷങ്ങൾക്ക് മുമ്പ് ഞാൻ പ്രസിദ്ധീകരിച്ച ഹരിത വിജ്ഞാപനത്തിൽ പ്ലേഗിനെ സംബന്ധിച്ചുള്ള അറിയിപ് നൽകിയിരുന്നു. അതിപ്രകാരമാകുന്നു,

اصنع الفلك باعيننا و وحينا ان الذين يبايعونك انما يبايعون الله يد الله فوق ايديهم .

അതായത് എന്റെ കൺമുന്നിൽ എന്റെ വെളിപാടനുസരിച്ച് ഒരു പേടകം തയ്യാറാക്കുക. അത് വരാൻപോകുന്ന നാശത്തിൽനിന്നും രക്ഷനൽകുന്നതാണ്. നിന്നിൽ ബയ്അത്ത് ചെയ്യുന്നവർ എന്നിലാണ് ബയ്അത്ത് ചെയ്യുന്നത്. ഇത് നിന്റെ കരമല്ല മറിച്ച് അവരുടെ മുകളിലുള്ള എന്റെ കരമാകുന്നു. ഇതേ ദൈവിക വചനത്തിന്റെ ഒരു വാക്യം ബറാഹീനെ അഹ്മദിയ്യായിൽ പ്രവചന രൂപത്തിൽ ഉണ്ട്. അതിപ്രകാരമാകുന്നു, و لا تخاطبنى فى الذين ظلموا انهم مغرقون അതായത് അക്രമവും ദുഷ്കർമങ്ങളും അനുസരണക്കേടും ഉപേക്ഷിക്കാത്തവരെ സംബന്ധിച്ച് എന്നോട് ശുപാർശ ചെയ്യരുത്. കാരണം അവർ നശിപ്പിക്കപ്പെടുന്നതാണ്.

സെക്രട്ടറി ഹിമായതുൽ ഇസ്‌ലാം ലാഹോറിനെ പോലെയും പാതിരി വൈറ്റ് ബരേഖ്ത് സാഹിബിനെ പോലെയും തന്റെ വിജ്ഞാപനത്തിൽ തെളിവില്ലാതെ കേവലം വാദം മാത്രം ഉന്ന യിക്കുകയാണെങ്കിൽ ഞാനും അവരെ പോലെ തന്നെ ഒരു വ്യർഥകാര്യങ്ങൾ പറയുന്നവനായി മാറുന്നതാണ്. എന്നാൽ ഞാൻ പറയുന്ന കാര്യങ്ങൾ സമയത്തിനു മുന്നേ തന്നെ വെളി പ്പെടുത്തിയിട്ടുള്ളതാണ്. ഇന്നിത് പുലർന്നു കഴിഞ്ഞിരിക്കുന്നു. അതിനു ശേഷം ഈ നാളുകളിലും അല്ലാഹു എനിക്ക് അറിവ് നൽകിയിരിക്കുന്നു. പ്രതാപവാനായ അല്ലാഹു പറയുന്നു:

ما كان الله ليعذّبهم و انت فيهم انه اوى القرية۔ لو لا الاكرام لهلك المقام۔ انى انا الرحمٰن دافع الاذى۔ انى لا يخاف لديّ المرسلون۔ انى حفيظ۔ انى مع الرسول اقوم۔ والوم من يلوم۔ افطر و اصوم۔ غضبت غضبًا شديدًا۔ الامراض تشاع۔ والنفوس تضاع۔ الا الذين اٰمنوا و لم يلبسوا ايمانهم بظلم اولٰئك لهم الا من و هم مهتدون۔ انّا نأتى الارض ننقصها من اطرافها۔ انى اجهز الجيش فاصبحوا فى دارهم جاثمين۔ سنريهم اٰيتنا فى الاٰفاق و فى انفسهم نصر من الله و فتح مبين۔ انى بايعتك بايعنى ربّى۔ انت منّى بمنزلة اولادى☆ انت منّى و انا منك۔ عسٰى ان يبعثك ربّك مقامًا محمودًا۔ الفوق معك والتحت مع اعداءك فاصبر حتّٰى يأتى الله بأمره۔ يأتى على جهنم زمان ليس فيها احد۔ ☆

*അർഥം: നീ അവരിൽ ഉള്ളിടത്തോളം കാലം ഖാദിയാനിലുള്ള വർക്ക് അല്ലാഹു ശിക്ഷ നൽകുന്നതല്ല. അവൻ ഈ ഗ്രാമത്തെ പ്ലേഗിന്റെ കരാള ഹസ്തങ്ങളിൽ നിന്നും നാശത്തിൽ നിന്നും*

---

☆അറബി ഇൽഹാമിന്റെ അടിക്കുറിപ്പ്: അല്ലാഹു ആൺമക്കളിൽ നിന്നും പരിശുദ്ധനാകുന്നു. അവന് പങ്കാളിയോ മകനോ ഇല്ല. ഞാൻ ദൈവമാണ് അല്ലെങ്കിൽ ദൈവപുത്രനാണ് എന്ന് പറയാൻ ആർക്കും അവകാശമില്ല. എന്നാൽ ഈ ഖണ്ഡിക ഇവിടെ ആലങ്കാരിക രൂപത്തിലാണ്. അല്ലാഹു വിശുദ്ധഖുർആനിൽ നബിതിരുമേനി(സ)യെ തന്റെ കരമായി വിശേഷിപ്പിച്ചി ട്ടുണ്ട്. പറയുന്നു: يَدُاللهِ فَوْقَ اَيْدِيْهِمْ (48:11) അതുപോലെ قل يا عباد الله *എന്നതിനു പകരമായി* قُلْ يٰعِبَادِي (39:54) എന്നും പറഞ്ഞിട്ടുണ്ട്. فَاذْكُرُوا اللهَ كَذِكْرِكُمْ اٰبَآءَكُمْ (2:201) എന്നും പറഞ്ഞിട്ടുണ്ട്. അതിനാൽ ആ അല്ലാഹുവിന്റെ വചനങ്ങളെ ജാഗ്ര തയോടും സൂക്ഷ്മതയോടും കൂടി വായിക്കുക. സദൃശ്യവചനങ്ങളെ മന സിലാക്കി വിശ്വസിക്കുക. അതിന്റെ പ്രത്യക്ഷരൂപത്തിൽ കൈകടത്തേണ്ട.

*സംരക്ഷിക്കുന്നതാണ്. നിന്റെ ആദരവും അന്തസും എന്റെ പരിഗണയിൽ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഈ ഗ്രാമത്തെ നശിപ്പിച്ചു കളഞ്ഞേനെ. ഞാൻ വിഷമങ്ങളെ ദുരീകരിക്കുന്ന പരമകാരുണികനാകുന്നു. എന്റെ ദൂതന്മാർക്ക് എന്നിൽ നിന്ന് യാതൊരു ഭയമോ ദുഖമോ ഉണ്ടാകുന്നതല്ല. ഞാൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു. ഞാൻ എന്റെ ദൂതനോടൊപ്പം നിലകൊള്ളുന്നവനാണ്. എന്റെ റസൂലിനെ ശകാരിക്കുന്നവനെ ഞാനും ശകാരിക്കുന്നു. ഞാനെന്റെ സമയത്തെ ഭാഗിക്കുന്നതാണ്. വർഷത്തിന്റെ കുറച്ച് ഭാഗം ഞാൻ ഇഫ്താർ ചെയ്യുന്നതാണ്. അതായത് പ്ലേഗിനാൽ ജനങ്ങളെ നശിപ്പിക്കുന്നതാണ്. വർഷത്തിന്റെ കുറച്ചു ഭാഗം ഞാൻ നോമ്പനുഷ്ഠിക്കുന്നു. അതായത് സമാധാനം ഉണ്ടാകുന്നതും പ്ലേഗ് കുറഞ്ഞുവരുന്നതും അല്ലെങ്കിൽ പൂർണമായും ശമിക്കുന്നതുമായിരിക്കും. എന്റെ കോപം തിളയ്ക്കുകയാണ്. രോഗങ്ങൾ വ്യാപിക്കുന്നതാണ്. ജീവനുകൾ നഷ്ടമാകുന്നതാണ്. എന്നാൽ വിശ്വാസം കൈക്കൊള്ളുന്നവരും വിശ്വാസത്തിൽ യാതൊരു ന്യൂനതയില്ലാത്തവരും ശാന്തിയിലായിരിക്കും. അവർക്ക് മോചനത്തിനുള്ള മാർഗം ലഭിക്കുന്നതാണ്. അപരാധം തൊഴിലാക്കിയവർ രക്ഷനേടിയിരിക്കുകയാണെന്ന് കരുതേണ്ട. നാം അവരുടെ ഭൂമിയുടെ സമീപത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ആന്തരികമായി എന്റെ സൈന്യത്തെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതായത് പ്ലേഗിന്റെ അണുക്കളെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു ഒട്ടകം ചത്തുപോകുന്നതുപോലെ അവർ തങ്ങളുടെ വീടുകളിൽ ഉറങ്ങി*

---

അതിന്റെ യാഥാർഥ്യം അല്ലാഹുവിൽ വിട്ടേക്കുക. അല്ലാഹു സന്താനങ്ങളെ സ്വീകരിക്കുന്നതിൽ നിന്ന് പരിശുദ്ധനാണെന്ന് വിശ്വസിക്കുക. എന്നാൽ സദൃശ്യ വചനങ്ങളുടെ രൂപത്തിൽ പലതും അവന്റെ വചനങ്ങളിൽ കണ്ടെത്താൻ സാധിക്കുന്നതാണ്. സദൃശ്യവചനങ്ങളെ പിൻപറ്റി നാശമടയുന്നതിൽ നിന്ന് രക്ഷനേടുക. എന്നെ സംബന്ധിച്ചുള്ള ദൃഷ്ടാന്തത്തിൽ ബറാഹീനെ അഹ്മദിയ്യായിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു വെളിപാട് ഇപ്രകാരമാണ്:

قل انّما انا بشر مثلكم يُوحٰى اليّ انّما الٰهكم الله واحد و الخير كله فى القراٰن

*പ്പോകുന്നതാണ്. ഞാൻ അവർക്ക് എന്റെ അടയാളം ആദ്യം ദൂരെ ദൂരെയുള്ളവരിൽ കാണിച്ചു കൊടുക്കുന്നതാണ്. പിന്നീട് സ്വയം അവരിൽ നമ്മുടെ അടയാളം വെളിപ്പെടുന്നതാണ്. ആ ദിനം അല്ലാഹുവിന്റെ സഹായത്തിന്റെയും വിജയത്തിന്റെയും ദിനമായിരിക്കും. ഞാൻ നീയുമായിട്ട് ഒരു വ്യാപാരം നടത്തിയിരിക്കുന്നു. അതായത് എന്റെതായിരുന്ന ഒരു വസ്തുവിന്റെ ഉടമസ്ഥനായി നിന്നെ മാറ്റിയിരിക്കുന്നു. നിന്റെതായിരുന്ന ഒരു വസ്തുവിന്റെ ഉടമസ്ഥൻ ഞാനായിരിക്കുന്നു. നീയും ഈ വ്യാപാരത്തെ ഏറ്റെടുക്കുക. അല്ലാഹു ഞാനുമായി ഒരു വ്യാപാരം നടത്തിയിരിക്കുന്നു എന്ന് പറയുക. നീ എന്നിൽ നിന്നും സന്താനങ്ങളെ പോലെയാകുന്നു. നീ എന്നിൽ നിന്നാകുന്നു. ഞാൻ നിന്നിൽ നിന്നും. ലോകം നിന്നെ സ്തുതിക്കുന്ന ഒരു പദവിയേക്ക് നിന്നെ ഉയർത്തുന്ന കാലം സമീപസ്ഥമാണ്. ഉന്നതി നിന്നോടൊപ്പമാകുന്നു. അധഃപതനം നിന്റെ ശത്രുക്കളോടൊപ്പവും. അതിനാൽ വാഗ്ദാനത്തിന്റെ ദിനം വന്നെത്തുന്നതുവരെ നീ സഹനം കൈക്കൊള്ളുക. ആരും തന്നെ രോഗബാധിതനല്ലാത്ത ഒരു കാലം പ്ലേഗിന് വരുന്നതാണ്. അതായത് പര്യവസാനം ക്ഷേമത്തിലായിരിക്കും.*☆

---

☆ കുറച്ചു കാലങ്ങൾക്കു മുമ്പ് പ്ലേഗിനെ സംബന്ധിച്ച് അല്ലാഹു എനിക്ക് അറിവു നൽകിക്കൊണ്ട് പറയുന്നു, يا مسيح الخلق يا مسيح الخلق എന്നാൽ ഇന്ന് 1902 ഏപ്രിൽ 21 ന് അതേ വെളിപാടിനെ വീണ്ടും ഇപ്രകാരം ആവർത്തിക്കുകയുണ്ടായി. يا مسيح الخلق عدوانا لن ترىٰ من بعد موادنا و فسادنا . അതായത് അല്ലയോ സൃഷ്ടികളുടെ പക്കലേക്ക് നിയോഗിക്കപ്പെട്ട അല്ലാഹുവിന്റെ മസീഹേ! നമ്മെ സംബന്ധിച്ച് ഉടൻ അന്വേഷിക്കുക. നമ്മെ തന്റെ ശുപാർശയാൽ രക്ഷിക്കുക. നീ ഇതിനുശേഷം നമ്മുടെ മോശമായ വസ്തുക്കളെ കാണുന്നതല്ല. നമ്മുടെ കലഹം ഒന്നും ശേഷിക്കുന്നതുമല്ല. അതായത് നാം നേരെയാകുന്നതാണ്. വികൃത മുഖവും അസഭ്യവും ഉപേക്ഷിക്കുന്നതാണ്. ഈ ദൈവീക വചനം ബറാഹീനെ അഹ്മദിയ്യായിലെ ഒരു വെളിപാടിനനുസരിച്ചാണ്. അതായത് അവസാന നാളുകളിൽ നാം ജനങ്ങളിലേക്ക് പ്ലേഗിനെ അയക്കുന്നതാണ്. كذالك منّنا علىٰ يوسف لنصرف عنه السوء و الفحشاء എന്ന് പറഞ്ഞതു പോലെ. അതായത് നാം പ്ലേഗിനോടൊപ്പം ഈ യൂസുഫിന് മേൽ ഔദാര്യം ചെയ്യുന്നതാണ്. അസഭ്യം പറയുന്നവരുടെ വായടക്കുന്നതാണ്.

ഇപ്പോൾ പ്രസ്തുത എല്ലാ വെളിപാടുകളിൽ നിന്നും മൂന്ന് കാര്യങ്ങളാണ് മനസ്സിലാകുന്നത്. ഒന്നാമതായി പ്ലേഗ് ഈ ലോകത്ത് വരാനുണ്ടായ കാരണം അല്ലാഹുവിന്റെ മസീഹിനെ നിഷേധിക്കുക മാത്രമല്ല അദ്ദേഹത്തെ വിഷമിപ്പിക്കുകയും ചെയ്തതിനാലാണ്. അദ്ദേഹത്തെ വധിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി. അദ്ദേഹത്തെ കാഫിറെന്നും ദജ്ജാൽ എന്നും നാമകരണം ചെയ്തു. അതിനാൽ തന്റെ ദൂതനെ സാക്ഷ്യമില്ലാതെ ഉപേക്ഷിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. തൽഫലമായി ആകാശത്തെയും ഭൂമിയെയും രണ്ടിനെയും അവൻ അദ്ദേഹത്തിന്റെ സത്യത്തിന് സാക്ഷിയാക്കി. റമദാനിൽ പ്രത്യക്ഷപ്പെട്ട സൂര്യഗ്രഹണത്താലും ചന്ദ്രഗ്രഹണത്താലും ആകാശം സാക്ഷി പറഞ്ഞു. ഭൂമി പ്ലേഗിലൂടെ സാക്ഷിയായി. ബറാഹീനെ അഹ്മദിയ്യായിൽ ഉള്ള അല്ലാഹുവിന്റെ വചനം പൂർത്തിയാകുന്നതിനായി. പ്രസ്തുത വചനം ഇപ്രകാരമാകുന്നു:

قل عندی شھادۃ من اللّٰہ فھل انتم تؤمنون۔ قل عندی شھادۃ من اللّٰہ فھل انتم تسلمون۔[1]

അതായത് എന്റെ പക്കൽ അല്ലാഹുവിന്റെ സാക്ഷ്യമുണ്ട്. നിങ്ങൾ സ്വീകരിക്കുമോ ഇല്ലയോ? ആദ്യത്തെ സാക്ഷ്യം കൊണ്ടുദ്ദേശിക്കുന്നത് ആകാശീയ സാക്ഷ്യമാണ്. അതിൽ യാതൊരു ബലാൽകാരവും ഇല്ല. അതിനാലാണ് അതിൽ تؤمنون എന്ന പദം ഉപയോഗിച്ചത്. രണ്ടാമത്തേത് ഭൗമീകസാക്ഷ്യമാണ്. അതായത് പ്ലേഗിന്റെ സാക്ഷ്യം. ഇതിൽ ബലാൽകാരം ഉൾക്കൊണ്ടിരിക്കുന്നു. ഭയപ്പെടുത്തി ഈ ജമാഅത്തിൽ പ്ര

---

ഭയന്ന് കൊണ്ട് അവർ അസഭ്യങ്ങളെ ഉപേക്ഷിക്കുന്നതിനു വേണ്ടി. ഭൂമിയുടെ വാക്കുകളാൽ എനിക്ക് അറിവ് നൽകപ്പെട്ട കാലത്തെ സംബന്ധിച്ചുള്ളതാണ് അല്ലാഹുവിന്റെ ഈ വചനങ്ങൾ. അതിപ്രാകാരമാകുന്നു, يَا وَلِيَّ اللّٰهِ كُنْتُ لَا اَعْرِفُكَ അതായത് അല്ലയോ അല്ലാഹുവിന്റെ വലിയ്യ് ! എനിക്ക് ഇതിനുമുമ്പ് നിന്നെ അറിയില്ലായിരുന്നു. അതിന്റെ വീശദീകരണം ഇപ്രകാരമാകുന്നു, ദർശനത്തിൽ ഭൂമി എന്റെ മുന്നിൽ കൊണ്ടുവന്നു. എന്നിട്ട് അത് ഇപ്രകാരം പറഞ്ഞു, നീ അല്ലാഹുവിന്റെ വലിയ്യാണെന്നുള്ളത് ഞാൻ ഇതുവരെ തിരിച്ചറിഞ്ഞിരുന്നില്ല.

വേശിപ്പിക്കുന്നു. അതിനാലാണ് അതിൽ تُسلمون എന്ന പദം ഉപയോഗിച്ചത്. രണ്ടാമത്തെ കാര്യം ഈ വെളിപാടിൽനിന്ന് മനസ്സിലാകുന്നത്, ഈ പ്ലേഗ് ഇല്ലാതാകണമെങ്കിൽ ജനങ്ങൾ അല്ലാഹുവിന്റെ നിയോഗിതനെ സ്വീകരിക്കേണ്ടിവരും. കുറഞ്ഞപക്ഷം ഈ അന്യായത്തിൽ നിന്നും ദുർവ്യവഹാരത്തിൽ നിന്നും അഹിതം പറയുന്നതിൽ നിന്നും പിൻമാറേണ്ടി വരുന്നതാണ്. കാരണം ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു പറയുന്നു: എന്റെ ദൂതനെ അസഭ്യം പറയുന്നവരുടെ വായ മൂടുന്നതിനായി ഞാൻ അവസാന നാളുകളിൽ പ്ലേഗിനെ അയക്കുന്നതാണ്. യാഥാർഥ്യം എന്തെന്നാൽ കേവലം ഒരു ദൂതനെ നിഷേധിക്കുന്നു എന്ന കാരണത്താൽ ലോകത്ത് ശിക്ഷ ഇറങ്ങുന്നതല്ല. മറിച്ച് ജനങ്ങൾ മാന്യതയോടും സഭ്യതയോടും കൂടി അല്ലാഹുവിന്റെ ദൂതനെ നിഷേധിക്കുകയും അക്രമണങ്ങളിൽ നിന്നും അസഭ്യങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്താൽ അത്തരക്കാരുടെ ശിക്ഷ ഖിയാമത്ത് നാളിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ലോകത്ത് പ്രവാചകന്മാരെ നിഷേധിച്ചതിന്റെ ഫലമായി എത്രത്തോളം ശിക്ഷ അയക്കപ്പെട്ടിട്ടുണ്ടോ അതെല്ലാം തന്നെ അന്യായത്തിന്റെ ഫലമായുള്ള ശിക്ഷയാകുന്നു. അപ്രകാരം തന്നെ ഇന്നാളുകളിലും ജനങ്ങൾ അസഭ്യവാക്കുകളും അക്രമണവും അനീതിയും ആഭാസത്തരവും ഉപേക്ഷിക്കുകയും മാന്യമായ വ്യവഹാരം അവരിൽ ഉടലെടുക്കുകയും ചെയ്യുമ്പോൾ ഈ മുന്നറിയിപ്പ് പിൻവലിക്കപ്പെടുന്നതാണ്. എന്നാൽ ഈ കോലാഹലത്തിൽ ധാരാളം സൗഭാഗ്യവാന്മാർ അല്ലാഹുവിന്റെ ദൂതനെ സ്വീകരിക്കുന്നതും ആകാശീയ അനുഗ്രഹങ്ങളെ സ്വാംശീകരിക്കുകയും അങ്ങനെ ഭൂമി സൗഭാഗ്യവാന്മാരാൽ നിറയുകയും ചെയ്യുന്നതാണ്. മൂന്നാമതായി ഈ വെളിപാടിൽ നിന്നും സ്ഥാപിതമാകുന്നത്, പ്ലേഗ് ലോകത്ത് എത്ര നാളുകൾ നിലനിന്നാലും ഇനി അത് 70 വർഷങ്ങളായാൽതന്നെയും അല്ലാഹു ഖാദിയാനെ ഈ മാരകമായ നാശത്തിൽനിന്ന് സംരക്ഷിക്കുക തന്നെ ചെയ്യുന്നതാണ്. കാരണം ഇത് അവന്റെ ദൂതന്റെ ആവാസസ്ഥാനമാകുന്നു. ഇത് മുഴുസമുദായത്തിനും അടയാളമാകുന്നു.

ഇനി അഥവാ അല്ലാഹുവിന്റെ ഈ ദൂതനെയും ഈ അടയാള ത്തെയും നിഷേധിക്കുകയും പ്രസ്തുത ദൂതനോട് ശത്രുതയും എതിർപ്പും അനുസരണക്കേടും കാണിച്ചുകൊണ്ട് കേവലം ആചാരപരമായ നമസ്കാരം മൂലമോ ദുആകൾ മൂലമോ അല്ലെങ്കിൽ മസീഹിനെ ആരാധിക്കുന്നത് മൂലമോ അല്ലെങ്കിൽ പശുവിന്റെ സഹായത്താലോ അല്ലെങ്കിൽ വേദത്തെ അംഗീകരിക്കുന്നത് മൂലമോ പ്ലേഗ് ഇല്ലാതാകുമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ പ്രസ്തുത ചിന്ത തെളിവിന്റെ അഭാവത്തിൽ സ്വീകാര്യയോഗ്യമാകുന്നതല്ല. അതിനാൽ തങ്ങളുടെ മതത്തിന്റെ സത്യതയ്ക്ക് തെളിവ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ കക്ഷികൾക്കും ഇത് വളരെ ഉത്തമമായ അവസരമാകുന്നു. എല്ലാ മതങ്ങളുടെയും സത്യതയെയും പൊള്ളത്തരത്തെയും തിരിച്ചറിയുന്നതിനുള്ള ഒരു പ്രദർശനനഗരിയെ അല്ലാഹു നിയമിച്ചിരിക്കുകയാണെന്ന് പറയാം. അല്ലാഹു സ്വയം ആദ്യം ഖാദിയാന്റെ നാമമാണ് എടുത്തു പറഞ്ഞിരിക്കുന്നത്. ഇനി ആര്യമതക്കാർ വേദത്തെ സത്യമായി വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ വേദത്തിന്റെ അടിസ്ഥാന പാഠശാലയായ ബനാറസിനെ സംബന്ധിച്ച് പരമേശ്വരൻ അതിനെ പ്ലേഗിൽ നിന്ന് സംരക്ഷിക്കുന്നതാണെന്ന പ്രവചനം നടത്തേണ്ടതാണ്. അതുപോലെ സനാതനധർമം വിശ്വാസികൾ പശുക്കൾ അത്യധികമായുള്ള അമൃതസർ പോലുള്ള ഏതെങ്കിലും പട്ടണത്തെ സംബന്ധിച്ച് പശുക്കളുടെ കാരണത്താൽ അവിടെ പ്ലേഗ് ഉണ്ടാകുന്നതല്ല എന്ന പ്രവചനം നടത്തേണ്ടതാണ്. അഥവാ ഇത്രയധികം പശുക്കൾ തങ്ങളുടെ ദൃഷ്ടാന്തം കാണിക്കുകയാണെങ്കിൽ ഈ അദ്ഭുതജീവിയുടെ സർക്കാർ ജീവൻ രക്ഷിച്ചേക്കാം. അതുപോലെ ക്രിസ്തുമത വിശ്വാസികൾ കൽക്കത്തയെ സംബന്ധിച്ച് അവിടെ പ്ലേഗ് ഉണ്ടാകുന്നതല്ല എന്ന് പ്രവചിക്കണം. കാരണം ബ്രിട്ടീഷ് ഇന്ത്യയുടെ വലിയ ബിഷപ്പ് അവിടെയാണ് വസിക്കുന്നത്. അതുപോലെ തന്നെ മിയാൻ ശംസുദ്ദീനും അദ്ദേഹത്തിന്റെ അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിലെ അംഗങ്ങളും ലാഹോർ പ്ലേഗിൽ നിന്നും സുരക്ഷിതമായിരിക്കും എന്ന് പ്രവചിക്കേണ്ടതാണ്. വെളിപാടുകൾ ഉണ്ടാകാറുണ്ട് എന്ന്

വാദിക്കുന്ന മുൻശി ഇലാ ഹി ബഖ്ശ് അകൗണ്ടന്റിനും തന്റെ വെളിപാടിലൂടെ ലാഹോറിനെ സംബന്ധിച്ച് പ്രവചനം നടത്തി അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിനെ സഹായിക്കാനുള്ള അവസരം ഉണ്ട്. അതുപോലെ അബ്ദുൽ ജബ്ബാറും അബ്ദുൽ ഹഖും അമൃത്സറിനെ സംബന്ധിച്ച് പ്രവചനം നടത്തുന്നതും ഉചിതമായിരിക്കും. വഹാബി കക്ഷികളുടെ യഥാർഥ വേര് ഡൽഹിയായതിനാൽ നദീർ ഹുസൈനും മുഹമ്മദ് ഹുസൈനും ഡൽഹിയെ സംബന്ധിച്ച് അവിടം പ്ലേഗിൽ നിന്നും സുരക്ഷിതമായിരിക്കും എന്ന് പ്രവചിക്കുന്നതും യുക്തമായിരിക്കും. ചുരുക്കത്തിൽ ഇപ്രകാരം മുഴുവൻ പഞ്ചാബും പ്രസ്തുത മാരകമായ രോഗത്തിൽ നിന്ന് സുരക്ഷിതമായിത്തീരുന്നതാണ്. സർക്കാറിനും സൗജന്യമായി വിടുതൽ ലഭിക്കുകയും ചെയ്യും. അഥവാ ഇക്കൂട്ടർ ഇപ്രകാരം ചെയ്യുന്നില്ലായെങ്കിൽ ഖാദിയാനിൽ തന്റെ ദൂതനെ നിയോഗിച്ച അല്ലാഹുവാണ് സത്യദൈവം എന്ന് മനസ്സിലാക്കേണ്ടി വരുന്നതാണ്.

അവസാനമായി ഓർത്തുകൊള്ളുക, മുസ്‌ലിംകളിലെ വെളിപാട് ലഭിക്കുന്നവരും ആര്യമതക്കാരിലെ പണ്ഡിറ്റുകളും ക്രിസ്തുമതക്കാരിലെ പാതിരിമാരും അടങ്ങുന്ന ഇക്കൂട്ടർ മൗനം പാലിക്കുകയാണെങ്കിൽ ഇവരെല്ലാവരും തന്നെ കള്ളവാദികളാണെന്ന് സ്ഥാപിതമാകുന്നതും സത്യസന്ധനായ ഒരു വ്യക്തിയുടെ ആവാസസ്ഥാനമെന്ന നിലയിൽ ഖാദിയാൻ സൂര്യനെ പോലെ ശോഭിക്കുന്നതുമായ ഒരു നാൾ വരുന്നതുമാണ്. അവസാനമായി മിയാൻ ശംസുദ്ദീൻ സാഹിബ് ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. താങ്കൾ സ്വന്തം വിജ്ഞാപനത്തിൽ اَمَّنْ يُّجِيْبُ الْمُضْطَرَّ (27:63) എന്ന ആയത്ത് എഴുതുകയും അത് മുഖേന ദുആ സ്വീകരിക്കപ്പെടുമെന്ന് ആശിക്കുകയും ചെയ്യുന്നു. ഈ ആശ അസ്ഥാനത്താകുന്നു. കാരണം ദൈവീകവചനത്തിൽ مضطر എന്ന പദം കൊണ്ട് 'അസ്വസ്ഥരായവർ' എന്നാണ് ഉദ്ദേശ്യം. അതായത് പരീക്ഷണം എന്ന നിലയിൽ മാത്രം അസ്വസ്ഥരായവർ. ശിക്ഷ എന്ന നിലയിലുള്ളവരല്ല. എന്നാൽ ശിക്ഷ എന്ന നിലയിൽ ഏതെങ്കിലും അസ്വസ്ഥത വന്നുഭവിച്ചവർ ഈ വചനത്തിൽ ഉൾപ്പെടുന്നില്ല. അങ്ങനെയെങ്കിൽ

നൂഹിന്റെയും ലൂത്വിന്റെയും ഫിർഔന്റെയുമെല്ലാം സമുദായങ്ങൾ പരിഭ്രാന്തിയുടെ സമയത്ത് ചെയ്ത അർഥനകൾ സ്വീകരിക്കപ്പെടണമായിരുന്നു. എന്നാൽ അപ്രകാരം സംഭവിച്ചില്ല. അല്ലാഹുവിന്റെ കരങ്ങൾ അവരെ നശിപ്പിക്കുകയും ചെയ്തു. തന്റെ അവസ്ഥയ്ക്ക് അനുയോജ്യമായ വചനം ഏതെന്ന് മിയാൻ ശംസുദ്ദീൻ ചോദിക്കുകയാണെങ്കിൽ നാം പറയുന്നു: مَا دُعَٰٓؤُا۟ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ (40:51)

ചില വിവേകശൂന്യ പ്രകൃതക്കാർ ഈ വിജ്ഞാപനത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ തെറ്റിദ്ധരിച്ചേക്കാം എന്ന കാരണത്താൽ നാം നമ്മുടെ കടമയാകുന്ന ക്ഷണത്തെ ആവർത്തിച്ച് വെളിപ്പെടുത്തുകയാണ്. അതിപ്രകാരമാണ്, ഈ ദേശത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന പ്ലേഗിനുള്ള ഹേതു മറ്റൊന്നുമല്ല. മറിച്ച്, മുൻകഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെയും പ്രവചനങ്ങളെ സാക്ഷാൽകരിച്ചുകൊണ്ട് ഏഴായിരമാണ്ടിൽ വെളിപ്പെട്ട അല്ലാഹുവിന്റെ ഈ വാഗ്ദത്ത പുരുഷനെ വിശ്വസിക്കുന്നതിൽ നിന്നും ജനങ്ങൾ നിഷേധം പ്രകടിപ്പിച്ചിരിക്കുന്നു എന്ന ഒറ്റ കാരണം കൊണ്ടു മാത്രമാണ്. ജനങ്ങൾ നിഷേധിക്കുക മാത്രമല്ല അല്ലാഹുവിന്റെ ഈ മസീഹിനെ അസഭ്യം പറയുകയും ചെയ്യുന്നു. കാഫിർ എന്ന് വിളിച്ചു. വധിക്കാൻ ആഗ്രഹിച്ചു. തോന്നിയതെല്ലാം ചെയ്തു. അതിനാൽ അവരുടെ വക്രതയ്ക്കും അപമര്യാദയ്ക്കും കാരണമായി അവർക്ക് മുന്നറിയിപ്പ് നൽകാൻ അല്ലാഹു ഉദ്ദേശിച്ചു. മസീഹ് വെളിപ്പെടുമ്പോൾ ജനങ്ങൾ അദ്ദേഹത്തെ നിഷേധിക്കുന്നതിന്റെ ഫലമായി അക്കാലങ്ങളിൽ ദേശത്ത് മാരകമായ പ്ലേഗ് പൊട്ടിപ്പുറപ്പെടുന്നതാണെന്ന് അല്ലാഹു മുൻതിരുഗ്രന്ഥങ്ങളിൽ അറിയിപ്പ് നൽകിയിരുന്നു. അതിനാൽ പ്ലേഗ് വരേണ്ടത് അനിവാര്യമാകുന്നു. ഇതിന് *ത്വാഊൻ* (പ്ലേഗ്) എന്ന പേര് വെയ്ക്കാനുള്ള കാരണം ഇത് *ത്വഅൻ* (നിന്ദ്യത)യ്ക്കുള്ള മറുപടിയാണ്. നിന്ദിക്കുന്ന അവസരങ്ങളിലെല്ലാം ബനീഇസ്റായീല്യരിൽ ഇത് വന്നു ഭവിച്ചിരുന്നു. *ത്വാഊൻ* എന്നതിന് അറബി ഭാഷാ നിഘണ്ടുവിലുള്ള അർഥം ധാരാളമായി നിന്ദിക്കുന്നവർ എന്നാണ്. നിന്ദയുടെയും പരിഹാസത്തിന്റെയും ആരംഭത്തിലല്ല മറിച്ച്,

അല്ലാഹുവിന്റെ നിയോഗിതനെയും ദൂതനെയും അങ്ങേയറ്റം വിഷമിപ്പിക്കുകയും പരിഹസിക്കുക്കയും ചെയ്യുമ്പോഴാണ് പ്ലേഗ് പടരുന്നതെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ അല്ലയോ സ്നേഹിതരേ! ഈ മസീഹിനെ സത്യഹൃദയത്തോടും ആത്മാർഥതയോടും കൂടി സ്വീകരിക്കുകയല്ലാതെ ഇതിന് മറ്റൊരു പരിഹാരമാർഗമില്ല. ഇത് ഏറ്റവും ഫലദായകമായ ചികിത്സയാകുന്നു. അദ്ദേഹത്തെ നിഷേധിക്കാതിരിക്കുകയും അസഭ്യം പറയാതിരിക്കുകയും ഹൃദയത്തിൽ അദ്ദേഹത്തിന്റെ മഹത്ത്വം സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് അതിൽ കുറഞ്ഞ ചികിൽസാ രീതി. ഞാൻ പരാമർശിച്ചിരുന്ന يا مسيح الخلق عدوانا എന്ന് പറഞ്ഞ്കൊണ്ട് ജനങ്ങൾ എന്നിലേക്ക് ഓടിവരുന്ന കാലം സമീപസ്തമാണെന്ന് ഞാൻ സത്യമായി പറയുന്നു. ഇത് അല്ലാഹുവിന്റെ വചനമാകുന്നു. അതിന്റെ അർഥം ഇപ്രകാരമാകുന്നു. സൃഷ്ടികൾക്കുള്ള മസീഹായി അയക്കപ്പെട്ടവനേ! നാശകാരിയായ ഈ രോഗത്തിൽ നിന്ന് ഞങ്ങൾക്കായി ശിപാർശ ചെയ്യേണമേ. ഇന്ന് നിങ്ങൾക്കായി നബി തിരുമേനി(സ)യെ കൂടാതെ ഈ മസീഹല്ലാതെ മറ്റൊരു ശിപാർശകനും ഇല്ല എന്നത് നിങ്ങൾ ദൃഢമായും മനസ്സിലാക്കികൊള്ളുക. ഈ ശിപാർശകൻ നബിതിരുമേനി(സ) യിൽ നിന്നും വ്യതിരിക്തനല്ല. മറിച്ച് അദ്ദേഹത്തിന്റെ ശിപാർശ യഥാർഥത്തിൽ നബി തിരുമേനി(സ)യുടെ തന്നെ ശിപാർശയാകുന്നു. അല്ലയോ ക്രിസ്ത്യൻ മിഷനറിമാരേ! ഇനി നിങ്ങൾ رَبُّنَا الْمَسِيْح *(കർത്താവായ മിശിഹാവെ)* എന്ന് പറയേണ്ടതില്ല. ഇന്ന് നിങ്ങളിൽ പ്രസ്തുത മസീഹിലും ഉന്നതനായ ഒരു വ്യക്തിയുണ്ട് എന്ന കാര്യം നോക്കുക. അല്ലയോ ശിയാ സമുദായമേ! ഹുസൈൻ നിങ്ങളുടെ മോക്ഷകനാണ് എന്നതിൽ ശാഠ്യം പിടിക്കേണ്ട. കാരണം ഇന്ന് പ്രസ്തുത ഹുസൈനിലും മഹാനായ ഒരു വ്യക്തി നിങ്ങളിൽ ഉണ്ടെന്ന് ഞാൻ സത്യമായും നിങ്ങളോട് പറയുകയാണ്. അഥവാ ഞാൻ സ്വയം ഇക്കാര്യങ്ങൾ പറയുകയാണെങ്കിൽ ഞാൻ കള്ളവാദിയാകുന്നു. എന്നാൽ ഞാൻ അതോടൊപ്പം അല്ലാഹുവിന്റെ സാക്ഷ്യവും സമർപ്പിക്കുകയാണെങ്കിൽ നിങ്ങൾ

അല്ലാഹുവിനെ എതിർക്കരുത്. നിങ്ങൾ അവനുമായി പോരാടുന്നവർ ആകാതിരിക്കുന്നതിനു വേണ്ടി. ഇനിയും സമയമുണ്ട്. നിങ്ങൾ എന്നിലേക്ക് ധൃതിപ്പെട്ട് വരിക. ഈ സമയത്ത് എന്നിലേക്ക് ഓടിയടുക്കുന്നവരെ ഞാൻ കൃത്യസമയത്ത് കൊടുങ്കാറ്റിൽ നിന്നും രക്ഷ നേടുന്നതിനായി പേടകത്തിൽ കയറുന്നവരുമായി താരതമ്യപ്പെടുത്തുകയാണ്. എന്നാൽ എന്നെ നിഷേധിക്കുന്നവൻ കൊടുങ്കാറ്റിൽ സ്വയം തന്നെ അകപ്പെടുത്തുന്നവനായിട്ടാണ് ഞാൻ കാണുന്നത്. അവന് രക്ഷനേടാൻ ഒരു മാർഗവും ഇല്ലതന്നെ. മഹത്ത്വമുടയവനായ ആ ശിപാർശകന്റെ നിഴലായ സത്യവാനായ ശിപാർശകനാകുന്നു ഞാൻ. അദ്ദേഹത്തെ അതായത് നബി തിരുമേനി(സ)യെ ഇക്കാലഘട്ടത്തിലെ അന്ധന്മാർ സ്വീകരിച്ചില്ല. അദ്ദേഹത്തെ വളരെയധികം അപമാനിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അല്ലാഹു ഇന്നേരം ഈ പാപത്തിന് പാതിരിമാരോട് ഒരേയൊരു പദത്തോടു കൂടി പകരം ചോദിച്ചിരിക്കുന്നു. കാരണം ക്രിസ്തീയ മിഷനറിമാർ ഈസബ്നു മർയമിനെ ദൈവമാക്കുകയും യഥാർഥ ശിപാർശകനായ നമ്മുടെ അഭിവന്ദ്യഗുരുവിനെ അസഭ്യം പറയുകയും നിന്ദിക്കുകയും ചെയ്യുന്നു. നീചമായ ഗ്രന്ഥങ്ങളാൽ ഭൂമിയെ അശുദ്ധമാക്കിയിരിക്കുന്നു. അതിനാൽ ദൈവമെന്ന് നാമകരണം ചെയ്യപ്പെട്ട ആ മസീഹിന് പകരമായി അല്ലാഹു ഈ ഉമ്മത്തിൽ നിന്ന് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിനെ അയച്ചിരിക്കുന്നു. അദ്ദേഹം തന്റെ എല്ലാ പ്രതാപങ്ങളിലും മുൻ മസീഹിനെക്കാളും ഉന്നതനാകുന്നു. അവൻ ഈ രണ്ടാമത്തെ മസീഹിന്റെ നാമം ഗുലാം അഹ്മദ് എന്നാണ് വെച്ചിരിക്കുന്നത്. അഹ്മദ്(സ)ന്റെ എളിയ ദാസനോട് കിടപിടിക്കാൻ സാധിക്കാത്ത ക്രിസ്തീയരുടെ മസീഹ് എത്തരത്തിലുള്ള ദൈവമാണെന്നതിലേക്ക് സൂചന നൽകുന്നതിന് വേണ്ടി. അതായത് തന്റെ സാമീപ്യത്തിന്റെയും ശിപാർശയുടെയും പദവിയിൽ അഹ്മദിന്റെ ദാസനെക്കാളും കുറഞ്ഞ പദവിയിലുള്ള ആ മസീഹ് എത്തരത്തിലുള്ള ദൈവമാണെന്ന് മനസ്സിലാകുന്നതിനു വേണ്ടി. അല്ലയോ സ്നേഹിതരേ! രോഷം പ്രകടിപ്പിക്കേണ്ട കാര്യമല്ല

ഇത്. അഥവാ വാഗ്ദത്ത മസീഹായി നിയോഗിക്കപ്പെട്ട ഈ അഹ്മദിന്റെ ദാസനെ നിങ്ങൾ മുൻ മസീഹിലും മഹത്വമുടയവനായി കണക്കാക്കാതെ ആ മസീഹിനെ തന്നെ ശിപാർശകനും മോക്ഷദായകനുമായി വിശ്വസിക്കുന്നുവെങ്കിൽ ഇപ്പോൾ നിങ്ങൾ ഈ വാദത്തിന് തെളിവ് സമർപ്പിക്കുക. ഈ അഹ്മദിന്റെ ദാസനെ സംബന്ധിച്ച് انه اوى القرية لو لا الاكرام لهلك المقام- അതായത് അല്ലാഹു ഈ ശിപാർശകന്റെ അന്തസ്സിനെ വെളിപ്പെടുത്തുന്നതിനായി ഖാദിയാൻ എന്ന ഈ ഗ്രാമത്തെ പ്ലേഗിൽ നിന്ന് സംരക്ഷിച്ചിരിക്കുന്നു. അഞ്ചാറു വർഷങ്ങളായി അത് സുരക്ഷിതമായിരിക്കുന്നതായി നാം കണ്ടുകൊണ്ടിക്കുന്നു. കൂടാതെ നമുക്ക് ഈ അഹ്മദിന്റെ ദാസന്റെ മഹത്വവും ആദരവും വെളിപ്പെടുത്തേണ്ടിയിരുന്നില്ലെങ്കിൽ ഇന്ന് ഖാദിയാനെയും നശിപ്പിച്ചേനെ എന്നും പറഞ്ഞിരിക്കുന്നു. ഇതേപോലെ നിങ്ങളും മസീഹ് ഇബ്നു മർയമിനെ യഥാർഥ ശിപാർശകനും രക്ഷകനുമായി പ്രഖ്യാപിക്കുന്നുവെങ്കിൽ ഖാദിയാന് പകരമായി പഞ്ചാബിലെ ഏതെങ്കിലും പട്ടണത്തിന്റെ നാമം☆ എടുത്ത് ഇന്ന പട്ടണം നമ്മുടെ ദൈവമായ മസീഹിന്റെ അനുഗ്രഹവും ശുപാർശയും കാരണത്താൽ പ്ലേഗിൽ നിന്ന് സുരക്ഷിതമായിരിക്കും എന്ന് പറയുക. അഥവാ നിങ്ങൾക്ക് അപ്രകാരം ചെയ്യാൻ സാധിക്കുന്നില്ലായെങ്കിൽ ഒരു കാര്യം മനസിലാക്കിക്കൊള്ളുക. ഏതൊരു വ്യക്തിയുടെ ശുപാർശ ഈ ലോകത്ത് സ്ഥാപിതമാകുന്നില്ലയോ ആ വ്യക്തി മറുലോകത്ത് എപ്രകാരമാണ് ശിപാർശകനാകുക. അത് പോലെ തന്റെ വിജ്ഞാപനം കേവലം വ്യർഥമാണ്, അതിൽ യാതൊരു പ്രയോജനവും ഇല്ല, നാം എഴുതിയിട്ടുള്ളത് തന്നെയാണ് പരിഹാരമാർഗം എന്നത് മിയാൻ ശംസുദ്ദീനും മനസ്സിലാക്കേണ്ടതാണ്. ഇതിനു മുമ്പ് അദ്ദേഹവും അദ്ദേഹത്തിന്റെ അഞ്ചുമനും എനിക്ക് എതിരെ നിന്ന് ഭൗതിക ഗവൺമെന്റിനു മുന്നിൽ നിന്ദ്യരായിത്തീർന്നിരിക്കുന്നു എന്നതും ഓർത്ത് കൊള്ളുക. അവർ *ഉമ്മഹാത്തുൽ മുഅ്മിനീന്റെ* രചയിതാവിന് ശിക്ഷ നൽകണം എന്ന് ഗവൺമെന്റിനോട് വാദിച്ച സമയത്ത് നാം അതിനെ

☆ഉദാഹരണമായി നാരോവാൽ അല്ലെങ്കിൽ ബട്ടാലയുടെ പേരെടുക്കുക.

എതിർത്തിരുന്നു. അവസാനം എന്റെ അഭിപ്രായമാണ് ശരിയായിരുന്നത്. അതേപോലെ തന്നെ ഇപ്പോൾ ആകാശീയ ഗവൺമെന്റിന് മുന്നിൽ അവർ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന ഹർ ജിയും മുൻഹർജിയെ പോലെ തന്നെ കേവലം വ്യർഥവും ഫലശൂന്യവും നിഷ്പ്രഭവുമാകുന്നു. യഥാർഥ ഹർജി ഞാൻ സമർപ്പിക്കുന്നത് തന്നെയാണ്. ഒടുവിൽ താങ്കൾക്ക് അത് തന്നെ അംഗീകരിക്കേണ്ടി വരുന്നതുമാണ്.

*ഹർചെഹ് ദാനാ കുനദ്കുനദ് നാദാൻ*
*ലേക് ബാദ് അസ് കമാൽ റുസ്വായി*

*(വിവേകിയായ മനുഷ്യൻ ചെയ്യുന്നത് അവിവേകിയും ചെയ്യുന്നു. എന്നാൽ അങ്ങേയറ്റം അപമാനത്തിനും നിന്ദ്യതയ്ക്കും ശേഷമാണ് ചെയ്യുന്നത്)*

ഇവിടെ മൗലവി അഹ്മദ് ഹസൻ സാഹിബ് അംറോഹിക്ക് നമുക്കെതിരിൽ നല്ലൊരു അവസരം കൈവന്നിരിക്കുകയാണ്. അദ്ദേഹവും മറ്റുള്ള മൗലവിമാരെ പോലെ തന്റെ ബഹുദൈവാരാധനയിലധിഷ്ഠിതമായ ആദർശങ്ങളെ പിന്തുണച്ചുകൊണ്ട് ഹദ്റത്ത് മസീഹ് ഇബ്നു മർയമിനെ മരണത്തിൽ നിന്ന് രക്ഷിക്കുന്നതിനും വീണ്ടും ഇറക്കിക്കൊണ്ടു വന്ന് ഖാത്തമുൽ അമ്പിയാഅ് ആക്കുന്നതിനും വേണ്ടി കിണഞ്ഞ് പരിശ്രമിക്കുകയാണെന്നും നാം കേട്ടിട്ടുണ്ട്. മൂസവി പരമ്പരയിലെ മസീഹിന് എതിരിൽ മുഹമ്മദി പരമ്പരയിലെ മസീഹ് വെളിപ്പെട്ട് മുഹമ്മദി നുബുവ്വത്തിന്റെ പ്രതാപത്തെ ലോകത്ത് തിളക്കമുള്ളതാക്കി തീർക്കുന്നതിനും സൂറത്തുന്നൂറിന്റെ ഇഛയ്ക്കനുസരിച്ചും സഹീഹ് ബുഖാരിയിലെ ഹദീസ് اِمَامکم مِنکم എന്നതു പ്രകാരവും മുസ്ലിമിലെ ഹദീസ് اَمَّکُم مِنکم എന്നതിന്റെ അടിസ്ഥാനത്തിലും ഈ സമുദായത്തിൽ നിന്നുതന്നെ വാഗ്ദത്ത മസീഹ് പ്രത്യക്ഷപ്പെടുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ല. മറിച്ച് ഈ മൗലവി സാഹിബും തന്റെ മറ്റ് സഹോദരന്മാരെ പോലെ തന്നെ ആഗ്രഹിക്കുന്നത് ആരെ ദൈവമാക്കിക്കൊണ്ട് 50 കോടി ജനങ്ങൾ വഴികേടിന്റെ ചളിക്കുണ്ടിൽ അകപ്പെട്ടിരിക്കുന്നുവോ അദ്ദേഹം വീണ്ടും രണ്ട് മലക്കുകളുടെ തോളിൽ കൈവെച്ച് കൊണ്ട് ഇറങ്ങിവരികയും അങ്ങനെ ദൈവികതയുടെ ഒരു പുതിയ തേജസ് പ്രകടിപ്പിച്ചുകൊണ്ട് 50 കോടി

യോടൊപ്പം 50 കോടി കൂട്ടിച്ചേർക്കണം എന്നുമാണ്. കാരണം ആകാശത്തേക്ക് കയറിപ്പോയതായി ആരും കണ്ടിട്ടില്ല

"ഗുരു പറക്കുകയില്ല.എന്നാൽ ശിഷ്യന്മാർ അയാൾക്ക് ചിറകുകൾ നല്കുന്നു."

എന്നൊരു ചൊല്ലുണ്ടല്ലോ

എന്നാൽ ഇപ്പോൾ മലക്കുകളോടൊപ്പം ഇറങ്ങുന്നതായി മുഴു ലോകവും കാണുന്നതാണ്. അന്നേരം പാതിരിമാർ വന്ന് മൗലവിമാരുടെ കഴുത്തിന് പിടിച്ച് ഇതുതന്നെയാണ് ദൈവം എന്ന് ഞങ്ങൾ പറഞ്ഞിരുന്നില്ലേ എന്ന് ചോദിക്കുന്നതായിരിക്കും. അശുഭകരമായ ആ നാളിൽ ഇസ്‌ലാമിന്റെ അവസ്ഥ എന്തായിരിക്കും? ഇസ്‌ലാം ലോകത്ത് ഉണ്ടാകുമോ?

لعنة الله على الكاذبين *(കള്ളം പറയുന്നവർക്കു മേൽദൈവശാപം)* കശ്മീരിലെ മുഹല്ല ഖാൻയാറിൽ മറയടക്കപ്പെട്ട വ്യക്തിയെ അന്യായമായി ആകാശത്ത് പിടിച്ചിരുത്തുകയാണ്. ഇത് എത്രത്തോളം അതിക്രമമാണ്. അല്ലാഹു തന്റെ എല്ലാ വാഗ്ദാനങ്ങളിലുടെയും ഓരോ വശത്തിലും കൃത്യനിഷ്ഠതയിൽ കഴിവുള്ളവനാണ്. എന്നാൽ ആഗമനത്തിനു മുമ്പ് തന്നെ കലഹങ്ങളാൽ ലോകത്തെ നശിപ്പിച്ചേക്കാവുന്ന ഒരു വ്യക്തിയെ വീണ്ടും ലോകത്തേക്ക് കൊണ്ടുവരുന്നതല്ല. ഇത്തരം മൂഢവിശ്വാസങ്ങൾ ക്രിസ്ത്യാനികൾക്ക് എത്രത്തോളം സഹായകരമാണ് എന്നത് ഇസ്‌ലാമിന്റെ അറിവില്ലാത്ത മിത്രങ്ങളായ ഈ മൗലവിമാർ അറിയുന്നില്ല. ഇപ്പോൾ അല്ലാഹു ഇബ്നു മർയമിന് ലോകത്ത് പുതിയൊരു ശ്രേഷ്ഠത ആഗ്രഹിക്കുന്നില്ല. മറിച്ച്, ഇതിനു മുമ്പ് തന്നെ ഹദ്റത് മസീഹിനെ സംബന്ധിച്ച് ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു. അതിൽ അല്ലാഹു തന്നെ നീരസം പ്രകടിപ്പിച്ചിരിക്കുന്നു. അക്കാരണത്താലാണ് അല്ലാഹുവിന് ءَاَنۡتَ قُلۡتَ لِلنَّاسِ (5:117) എന്ന് പറയേണ്ടി വന്നത്. ആകാശത്ത് നിന്ന് എപ്പോഴാണ് ഇബ്നു മർയം ഇറങ്ങുന്നത് എന്ന് നോക്കി ആകാശത്തേക്ക് കണ്ണും നട്ടിരിക്കുന്നത് ശുദ്ധ വങ്കത്തരമാണ്. എനിക്ക് മുമ്പേ, തങ്ങളുടെ തെറ്റിദ്ധാരണ മൂലം ഇബ്നു മർയം ആകാശത്ത് നിന്ന് ഇറങ്ങുന്നതാണെന്ന് മനസ്സിലാക്കിയിരുന്ന പണ്ഡിതന്മാർ അല്ലാഹുവിന്റെ പക്കൽ

നിർദോഷികളാണ്. അവരെ കുറ്റക്കാരായി കണക്കാക്കരുത്. അവരുടെ ഉദ്ദേശ്യശുദ്ധിയിൽ യാതൊരു വക്രതയും ഉണ്ടായിരുന്നില്ല. മനുഷ്യസഹജത മൂലം സംഭവിച്ച തെറ്റാകുന്നു. അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കട്ടെ. കാരണം അവർക്ക് അറിവ് നൽകപ്പെട്ടിരുന്നില്ല. അവർക്ക് സംഭവിച്ച തെറ്റിദ്ധാരണ ദാവീദിന് ഗനമുൽ ഖൗമിന്റെ കാര്യത്തിൽ സംഭവിച്ചത് പോലുള്ള തെറ്റിദ്ധാരണയാകുന്നു. എന്നാൽ അദ്ദേഹത്തിന്റെ പുത്രനായ സുലൈമാന് അല്ലാഹു ജ്ഞാനം നൽകി. അതിനെ സംബന്ധിച്ച് ബറാഹീനെ അഹ്മദിയ്യായുടെ അവസാന താളുകളിൽ ففهمناها سليمان എന്ന ഇൽഹാം എഴുതപ്പെട്ടിരിക്കുന്നത് പോലെ. അതിന്റെ വിവക്ഷ ഇപ്രകാരമാകുന്നു. ബറാഹീനെ അഹ്മദിയ്യായുടെ മുകളിൽ പറഞ്ഞ ഇൽഹാമുകളിൽ നിന്ന് വ്യക്തമാകുന്നതു പോലെ ഖുർആനും ഹദീസുകൾക്കും താങ്കൾ നൽകുന്ന അർഥം ഞങ്ങളുടെ മുൻകാല പണ്ഡിതന്മാർക്കും മഹാത്മാക്കൾക്കും അറിവില്ലാത്തതും താങ്കൾക്ക് മാത്രം അറിവുള്ളതുമായതായിരുന്നുവോ എന്ന് ജനങ്ങൾ ആക്ഷേപം ഉന്നയിക്കുന്നു. അതിന് മറുപടിയായി അല്ലാഹു പറയുന്നു: അതെ, യഥാർഥത്തിൽ സംഭവിച്ചത് അതുതന്നെയാകുന്നു. എന്നാൽ അസംഭവ്യമായ കാര്യമല്ല. നിങ്ങളുടെ പണ്ഡിതന്മാർ നബിയായിരുന്നില്ല. എന്നാൽ ഒരു നബിയായിരുന്നിട്ടുകൂടി ഒരു തീരുമാനം കല്പിക്കുന്നതിൽ ദാവൂദിന് തെറ്റ് സംഭവിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പുത്രനായ സുലൈമാന് ശരിയായ തീരുമാനത്തിന്റെ രീതി പഠിപ്പിച്ചു കൊടുത്തു. അതിനാൽ സുലൈമാൻ നബി പ്രസ്തുത കല്പനയിൽ തന്റെ പിതാവിന് വിരുദ്ധമായി സത്യമാർഗത്തിലായിരുന്നതുപോലെ വാഗ്ദത്ത മസീഹായി നിയോഗിക്കപ്പെട്ട ഈ സുലൈമാനും സത്യമാർഗത്തിലാകുന്നു.

മൗലവി അഹ്മദ് ഹസൻ സാഹിബ് ഒരു തരത്തിലും പിന്മാറാൻ ഉദ്ദേശിക്കുന്നില്ലായെങ്കിൽ വാനലോക കല്പനയാൽ അദ്ദേഹത്തിന് കാര്യങ്ങൾ ബോധ്യമാകുന്ന സമയം വന്നെത്തിയിരിക്കുന്നു. അദ്ദേഹം യഥാർഥത്തിൽ എന്നെ കള്ളവാദിയായി മനസ്സിലാക്കുകയും എന്റെ ഇൽഹാമുകളെ

ദൈവിക വചനങ്ങളല്ല മറിച്ച് മനുഷ്യന്റെ കെട്ടുകെട്ടാണെന്ന് കരുതുകയും ചെയ്യുകയാണെങ്കിൽ ഒരു എളുപ്പ മാർഗമുണ്ട്. അല്ലാഹുവിൽ നിന്ന് ലഭിച്ച വെളിപാടിന്റെ അടിസ്ഥാനത്തിൽ انّه اوى القرية لو لا الاكرام لهلك المقام- എന്ന് ഞാൻ പറഞ്ഞതു പോലെ അദ്ദേഹം انه اوى امروهه എന്ന് എഴുതട്ടെ. വിശ്വാസികളുടെ ദുആ അല്ലാഹു സ്വീകരിക്കുന്നതാണ്. തന്റെ ദുആകൾക്കു വിരുദ്ധമായി താൻ ദജ്ജാൽ എന്നും അവിശ്വാസി എന്നും കറ്റുകെട്ടുകാരൻ എന്നും വിളിക്കുന്ന വ്യക്തിയുടെ ദുആകൾ സ്വീകരിക്കപ്പെടുകയാണെങ്കിൽ അയാൾ എത്തരത്തിലുള്ള വിശ്വാസിയാണ്. എന്നാൽ അയാളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നില്ല. അതിനാൽ അല്ലാഹു എന്റെ ദുആകൾ സ്വീകരിച്ചുകൊണ്ട് വിശേഷിച്ച് ജനങ്ങൾക്ക് പ്ലേഗിൽ നിന്നും ഓടിയൊളിക്കുന്നതിനും ഓടി രക്ഷപ്പെടുന്നതിനുമുള്ള അവസരം പോലും ലഭിക്കാതെ പട്ടികളെപോലെ മരിച്ചു വീഴുകയും ചെയ്യുന്ന അവസ്ഥയിൽ ഖാദിയാനെ ഈ നാശത്തിൽ നിന്നും സംരക്ഷിക്കും എന്ന് പറഞ്ഞതുപോലെ മൗലവി അഹ്മദ് ഹസൻ സാഹിബും 'അംറോഹയെ' സംബന്ധിച്ച് അതു പ്ലേഗിൽ നിന്നും സുരക്ഷിതമായിരിക്കും എന്ന ദുആ സ്വീകരിപ്പിക്കുക. ഇതുവരെക്കും ഇത്തരം ദുആ സംഭവ്യമാണ്. കാരണം അംറോഹ ഇപ്പോഴും പ്ലേഗിൽ നിന്ന് 200 കോസ്☆ ദൂരത്തിലാണ്. എന്നാൽ ഖാദിയാന്റെ നാലു ഭാഗത്തും 2 കോസ് ദൂരം വരെ പ്ലേഗ് നാശം വിതച്ചു കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ നന്മയും കൂടാതെ സത്യവും അസത്യവും തമ്മിൽ തിരിച്ചറിയുന്നതിനുള്ള ഒരു സ്പഷ്ടമായ പോരാട്ടമാകുന്നു ഇത്. കാരണം മൗലവി അഹ്മദ് ഹസൻ സാഹിബ് പരസ്പര ശാപപ്രാർഥനയാൽ ലോകത്ത് നിന്നും കടന്നുപോകുകയാണെങ്കിൽ അതുകൊണ്ട് അംറോഹക്കാർക്ക് എന്തു ഗുണമാണ് ലഭിക്കുക. എന്നാൽ അദ്ദേഹം തന്റെ വ്യാജ മസീഹിനുവേണ്ടി ദുആ സ്വീകരിപ്പിച്ചുകൊണ്ട് അംറോഹയിൽ പ്ലേഗ് വരുന്നതല്ല എന്ന് അല്ലാഹുവിൽ നിന്നും സമ്മതം കരസ്ഥമാക്കുകയാണെങ്കിൽ അതുകൊണ്ട് അദ്ദേഹത്തിന് വിജയം കരസ്ഥമാകുക

☆ (ഒരു കോസ് ഏകദേശം രണ്ട് മൈലുകളാണ്. വിവ:)

മാത്രമല്ല, അംറോഹക്കാരുടെ മേൽ അദ്ദേഹത്തിന്റെ വലിയ ഔദാര്യവുമായിരിക്കുമത്. അതിന് നന്ദി പ്രകടിപ്പിക്കുക അവർക്കു സാധ്യമല്ലാതായിത്തീരുന്നതാണ്. ഇത്തരത്തിലുള്ള മുബാഹലയുടെ വിഷയം ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച തിനു ശേഷം 15 നാളുകൾക്കുള്ളിൽ ലിഖിത വിജ്ഞാപനമായി ജനങ്ങൾക്ക് മുന്നിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അതിലെ വിഷയം ഇപ്രകാരമായിരിക്കണം. വാഗ്ദത്ത മസീഹാണെന്നു വാദിക്കുന്ന മിർസാ ഗുലാം അഹ്മദിന് എതിരിലാണ് ഞാൻ ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഒരു വിശ്വാസിയായ ഞാൻ ദുആ സ്വീകാര്യതയിൽ വിശ്വാസമർപ്പിച്ചു കൊണ്ട് എനിക്ക് ലഭിച്ച ഇൽഹാം അല്ലെങ്കിൽ ദർശനത്തിന്റെ അടി സ്ഥാനത്തിൽ അംറോഹ നിശ്ചയമായും പ്ലേഗിൽ നിന്നു സുര ക്ഷിതമായിരിക്കും, എന്നാൽ വ്യാജവാദിയുടെ ആവാസസ്ഥല മായ ഖാദിയാൻ നശിപ്പിക്കപ്പെടുന്നതാണ് എന്ന വിജ്ഞാപനം പുറപ്പെടുവിക്കുകയാണ്. ഈ വിജ്ഞാപനത്തിലൂടെ ഏക ദേശം അടുത്ത ശീതകാലത്തിനുള്ളിൽ അല്ലെങ്കിൽ രണ്ടാമ ത്തെയോ മൂന്നാമത്തെയോ ശീതകാലത്തിനുള്ളിൽ തീരുമാനം കല്പിക്കപ്പെടുന്നതാണ്. മെയ് മാസം മുതൽ അല്ലാഹുവിന്റെ ചര്യയനുസരിച്ചു ദേശത്ത് പ്ലേഗിന്റെ പ്രഭാവം കുറഞ്ഞു വരു ന്നതും ദൈവിക നോമ്പിന്റെ ദിനം വന്നെത്തുന്നതുമാണ്. എന്നാൽ 1902 നവംബർ ആരംഭം മുതൽ അല്ലാഹു തന്റെ നോ മ്പ് തുറക്കുന്നതായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. നോമ്പ് തുറക്കലിനു ശേഷം ആരെല്ലാമാണ് മരണത്തിന്റെ മലക്കുക ളുടെ വരുതിയിൽ വരുന്നതെന്ന് അന്നേരം മനസ്സിലാകുന്ന താണ്. വാഗ്ദത്ത മസീഹിന്റെ ആവാസഗേഹം പഞ്ചാബും വാഗ്ദത്ത മസീഹിന്റെ ദൃഷ്ടിയുടെ ആദ്യ സംബോധകർ പഞ്ചാബികളും ആയതുകൊണ്ട് ഈ നടപടിയുടെ പ്രാരംഭം പഞ്ചാബിൽ നിന്നുമായിരിക്കും. എന്നാൽ അംറോഹയും മസീഹിന്റെ ശൗര്യപരിധിയിൽ നിന്ന് പുറത്തല്ല എന്നതിനാൽ കാഫിറാക്കപ്പെട്ട ഈ മസീഹിന്റെ നിശ്വാസം അംറോഹയി ലേക്കും എത്തുന്നതാണ്. ഇതു തന്നെയാണ് നമ്മുടെ വാദം. മൗലവി അഹ്മദ് ഹസൻ സാഹിബ് സത്യം ചെയ്തുകൊണ്ട്

പ്രസിദ്ധീകരിക്കുന്ന ഈ വിജ്ഞാപനത്തിനു ശേഷം അംറോഹയെ പ്ലേഗിൽ നിന്നും രക്ഷപ്പെടുത്തുവാൻ സാധിക്കുകയും കുറഞ്ഞപക്ഷം മൂന്നു ശീതകാലം അവിടെ സമാധാനത്തിലൂടെ കടന്നു പോകുകയും ചെയ്യുകയാണെങ്കിൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനല്ല. ഇതിനേക്കാൾ വലിയ എന്ത് തീരുമാനമാണ് ഉണ്ടാകുക. ഞാനും സത്യം ചെയ്തുകൊണ്ട് പറയുന്നു, പ്രവാചകന്മാർ പ്രവചിച്ച വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ഞാനാകുന്നു. എന്നെ സംബന്ധിച്ചും എന്റെ കാലഘട്ടത്തിൽ ആകാശത്ത് സൂര്യചന്ദ്രഗ്രഹണങ്ങൾ പ്രത്യക്ഷപ്പെടുമെന്നും ഭൂമിയിൽ മാരകമായ പ്ലേഗ് പൊട്ടിപ്പുറപ്പെടുമെന്നും തൗറാത്തിലും ഇഞ്ചീലിലും വിശുദ്ധഖുർആനിലും അറിയിപ്പ് നൽകിയിട്ടുണ്ട്. എന്റെ ഓരോ എതിരാളിയും അവർ അംറോഹയിൽ വസിക്കുന്നവരോ അമൃത്സറിൽ വസിക്കുന്നവരോ ഡൽഹിയിൽ വസിക്കുന്നവരോ കൽക്കത്തയിൽ വസിക്കുന്നവരോ ലാഹോറിൽ വസിക്കുന്നവരോ ഗോൾഡയിൽ വസിക്കുന്നവരോ ബട്ടാലയിൽ വസിക്കുന്നവരോ ആയിക്കൊള്ളട്ടെ, അവർ സത്യം ചെയ്തുകൊണ്ട് ഇന്ന സ്ഥലം പ്ലേഗിൽ നിന്നു സുരക്ഷിതമായിരിക്കും എന്നു പറയുകയാണെങ്കിൽ നിശ്ചയമായും പ്രസ്തുത സ്ഥലം പ്ലേഗിൽ അകപ്പെടുന്നതാണ്. കാരണം അയാൾ അല്ലാഹുവിനെ ധിക്കരിച്ചിരിക്കുന്നു. ഇക്കാര്യം മൗലവി അഹ്മദ് ഹസൻ സാഹിബിനു മാത്രം ബാധകമായതല്ല. മറിച്ച്, ആകാശത്തു നിന്ന് ഇപ്പോൾ പൊതു പോരാട്ടത്തിന്റെ സമയം സമാഗതമായതിനാൽ ആരെല്ലാം എന്നെ കള്ളവാദിയായി കരുതുന്നുവോ, ഉദാഹരണമായി പ്രശസ്ത മൗലവി ശേഖ് മുഹമ്മദ് ഹുസൈൻ ബട്ടാലവി, ധാരാളം ആളുകളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നു തടഞ്ഞിരിക്കുന്ന പീർ മെഹർ അലി ശാഹ് ഗോൾഡവി, അബ്ദുൽ ജബ്ബാർ, അബ്ദുൽ ഹഖ്, മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ ജമാഅത്തിൽ നിന്നും വഹ്‌യ് ലഭിക്കുന്ന വ്യക്തിയായി പറയപ്പെടുന്ന അബ്ദുൽ വാഹിദ് ഗസ്നവി, എനിക്കെതിരിൽ ഇൽഹാമിന്റെ വാദം ചെയ്തുകൊണ്ടു മൗലവി അബ്ദുല്ലാഹ് സാഹിബിനെ സയ്യിദ് ആക്കുകയും ഇത്ര സ്പഷ്ടമായ കളവിനെ വെറുക്കാ

തിരിക്കുകയും ചെയ്ത മുൻശി ഇലാഹി ബഖ്ശ് സാഹിബ് അക്കൗണ്ടന്റ് അതുപോലെ അക്രമപ്രകൃതക്കാരനും കുഫ്റ് ഫത്‌വയുടെ സ്ഥാപകനുമായ നദീർ ഹുസൈൻ ദഹ്‌ലവി തുടങ്ങിയവർ ഈ അവസരത്തിൽ തങ്ങളുടെ ഇൽഹാമുകളുടെയും തങ്ങളുടെ വിശ്വാസങ്ങളുടെയും മാന്യത നിലനിർത്തേണ്ടതാണ്. അവരെല്ലാവരും തന്നെ തന്താങ്ങളുടെ സ്ഥലത്തെ സംബന്ധിച്ച് അതു പ്ലേഗിൽ നിന്നും സംരക്ഷിക്കപ്പെടുന്നതാണെന്ന വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതിൽ സൃഷ്ടികളുടെ നന്മയും ഗവൺമെന്റിന്റെ ഗുണകാംക്ഷയും അടങ്ങിയിരിക്കുന്നു. കൂടാതെ അവരുടെ ശ്രേഷ്ഠത വെളിപ്പെടുകയും അവർ വലിയ്യ് ആയി ഗണിക്കപ്പെടുകയും ചെയ്യുന്നതാണ്. അങ്ങിനെ ചെയ്യുന്നില്ലായെങ്കിൽ അവർ തങ്ങളുടെ കളവിലും സ്വയം കള്ളം കെട്ടിച്ചമയ്ക്കുന്നവരാണെന്നതിലും മുദ്ര പതിപ്പിക്കുകയാണു ചെയ്യുക. നാം ഉടൻതന്നെ ഇതു സംബന്ധമായി വിശദമായ ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതുമാണ്. ഇൻശാ അല്ലാഹ്. والسّلام علٰى من اتّبع الهدىٰ-
*(സന്മാർഗം പിൻപറ്റുന്നവർക്ക് സമാധാനം ഉണ്ടാകട്ടെ)*

### ചിറാഗ് ദീൻ എന്ന പേരുള്ള

### ജമ്മു നിവാസിയായ ഒരു വ്യക്തിയെ സംബന്ധിച്ചു

## തന്റെ മുഴുവൻ ജമാഅത്തിനും

## നൽകുന്ന ഒരു പൊതു വിളംബരം

പ്രസ്തുത വ്യക്തി നമ്മുടെ ജമാഅത്തിനെ പിന്തുണക്കുന്നു എന്നു വാദിച്ചു ബയ്അത്ത് ചെയ്ത് താൻ അഹ്മദിയ്യാ വിഭാഗത്തിൽ പെട്ടതാണ് എന്നു വെളിപ്പെടുത്തിക്കൊണ്ട് പ്ലേഗിനെ സംബന്ധിച്ച് ഒന്നോ രണ്ടോ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഞാൻ അതിലെ ചില ഭാഗങ്ങൾ കേട്ടിരുന്നു. ആക്ഷേപാർഹമായ ഭാഗങ്ങൾ ഞാനിതുവരെ കേട്ടിരുന്നില്ല. അതിനാൽ അതു പ്രസിദ്ധീകരിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല എന്ന് അനുമതി നൽകുകയുണ്ടായി. എന്നാൽ അതിന്റെ അടിക്കുറിപ്പിൽ ഉണ്ടായിരുന്ന ചില അപകടകരമായ പദങ്ങളും വ്യർഥമായ വാദങ്ങളും സന്ദർശകരുടെ ആധിക്യത്താലും മറ്റ് ചിന്തകളാലും ശ്രവിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതിൽ ഖേദമുണ്ട്. കേവലം സദ്ഭാവനയാലാണ് അത് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകിയത്. എന്നാൽ ഇന്നു രാത്രി അതേ വ്യക്തി ചിറാഗ് ദീനിന്റെ മറ്റൊരു വിഷയം വായിച്ചപ്പോഴാണു പ്രസ്തുത വിഷയം വളരെ അപകടകാരിയും വിഷമയവും ഇസ്ലാമിനു നാശകാരിയുമാണെന്നും ആദ്യം മുതൽ അവസാനം വരെ വ്യർഥവും വ്യാജവുമായ കാര്യങ്ങളാൽ നിറഞ്ഞതാണെന്നുമുള്ള വസ്തുത മനസ്സിലായത്. അതിലിപ്രകാരമാണ് എഴുതിയിരിക്കുന്നത്. ഞാൻ റസൂലാകുന്നു. അതും മനോധൈര്യമുള്ള റസൂൽ. അതുപോ ലെ ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും ഇടയിൽ രഞ്ജിപ്പുണ്ടാക്കുകയും ഖുർആന്റെയും ഇഞ്ചീലിന്റെയും ഭിന്നതയെ ദുരീകരിക്കുക യും ഇബ്നു മർയമിന്റെ ഒരു ഹവാരിയായിക്കൊണ്ട് സേവനം ചെയ്യുകയും റസൂൽ എന്ന് വിളിക്കപ്പെടുകയും ചെയ്യുകയാണ് തന്റെ ജോലി എന്നും എഴുതിയിരിക്കുന്നു.'' വിശുദ്ധഖുർആൻ

ഒരിക്കലും തന്നെ ഇഞ്ചീലുമായോ തൗറാത്തുമായോ രഞ്ജിപ്പുണ്ടാക്കുമെന്ന വാദം പുറപ്പെടുവിച്ചിട്ടില്ല എന്ന കാര്യം എല്ലാവർക്കും അറിയുന്ന കാര്യമാണ്. മറിച്ച്, ഈ ഗ്രന്ഥങ്ങളെ തിരുത്തപ്പെട്ടതും മാറ്റപ്പെട്ടതും അപൂർണമായതുമായിട്ടാണു പറഞ്ഞിരിക്കുന്നത്. اَکۡمَلۡتُ لَکُمۡ دِیۡنَکُمۡ എന്ന സവിശേഷ പട്ടം സ്വയം ഏറ്റെടുത്തിരിക്കുന്നു. ഈ ഗ്രന്ഥങ്ങൾ അതായത് ഇഞ്ചീലും എല്ലാം തന്നെ വിശുദ്ധഖുർആന് മുന്നിൽ ഒന്നും അല്ല. മറിച്ച് അവയെല്ലാം തന്നെ അപൂർണവും തിരുത്തപ്പെട്ടവയുമാണ്, എല്ലാ നന്മയും വിശുദ്ധഖുർആനിലാണുള്ളത് എന്നതാണ് നമ്മുടെ വിശ്വാസം. ഇന്നേക്ക് 22 വർഷം മുമ്പ് ബറാഹീനെ അഹ്മദിയ്യായിൽ എഴുതപ്പെട്ടിരിക്കുന്നു,

قل انّما انا بشر مثلکم یوحی الی انّما الھکم الله واحد و الخیر کلّه فی القرآن لا یمسّه الّا المطهّرون۔

നോക്കുക, ബറാഹീനെ അഹ്മദിയ്യ പേജ് 511. അതായത് അവരോട് പറയുക, ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യനാണ്. ദൈവം ഏകനാണെന്നും അവന് സമനായി മറ്റാരുമില്ല, എല്ലാ നന്മയും ഖുർആനിലാണ് എന്നും എനിക്ക് വഹ്‌യ് ലഭിക്കുന്നു. പരിശുദ്ധ ഹൃദയമുള്ളവർ അതിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുന്നു. അതിനാൽ വിശുദ്ധഖുർആനെ വിട്ടു മറ്റൊരു ഗ്രന്ഥത്തെ എങ്ങനെയാണ് അന്വേഷിക്കുക. എപ്രകാരമാണ് അതിനെ അപൂർണം എന്നു മനസ്സിലാക്കുക. ക്രിസ്തുമതം അന്ത്യശ്വാസം വലിച്ചു കഴിഞ്ഞു എന്നും ഇഞ്ചീൽ അപൂർണവും ജീവനറ്റതും ആണെ ന്നും ദൈവം നമ്മോട് പറഞ്ഞിരിക്കുന്നു. അപ്പോൾ ജീവനുള്ളതിനു ജീവനറ്റതുമായി എന്തു ബന്ധം. ക്രിസ്തുമതവുമായി നമുക്ക് യാതൊരു രഞ്ജിപ്പും ഇല്ല. അതെല്ലാം തന്നെ വ്യാജവും നിരാകരിക്കപ്പെട്ടതുമാകുന്നു. ഇന്ന് ആകാശത്തിനു കീഴിൽ വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല തന്നെ. ഇന്നേക്ക് 22 വർഷങ്ങൾക്കു മുമ്പ് ബറാഹീനെ അഹ്മദിയ്യായുടെ 241 –ാം പേജിൽ എന്നെ സംബന്ധിച്ച് ഒരു ഇൽഹാം എഴുതപ്പെട്ടിരിക്കുന്നു. അതിപ്രകാരമാകുന്നു,

و لن ترضی عنك اليهود و لا النصارىٰ و خرقوا له بنين و بنات بغير علم قل هو الله احد الله الصمد لم يلد و لم يولد و لم يكن له كفوا احد۔ و يمكرون و يمكر الله و الله خير الماكرين۔ الفتنة هٰهنا فاصبر كما صبر اولوا العزم و قل رب ادخلنی مدخل صدق۔

അതായത് നിനക്കും യഹൂദികൾക്കും നസാറാക്കൾക്കും ഇടയിൽ യാതൊരു രഞ്ജിപ്പും ഇല്ല. അവർ നിന്നിൽ ഒരിക്കലും സംതൃപ്തരല്ല. (നസാറാക്കൾ എന്നത് കൊണ്ടുള്ള ഉദ്ദേശ്യം ഇഞ്ചീലിനെ പിൻപറ്റുന്ന പാതിരിമാരാകുന്നു.) പിന്നീട് പറയുന്നു, അവർ വ്യാജമായ രീതിയിൽ തങ്ങളുടെ ഹൃദയങ്ങളാൽ ദൈവത്തിന് ആൺമക്കളും പെൺമക്കളും സൃഷ്ടിച്ചിരിക്കുന്നു. ഇബ്നു മർയം ഒരു സാധാരണ മനുഷ്യനായിരുന്നുവെന്ന് അവർ അറിയുന്നില്ല. ദൈവം ഇഛരിക്കുകയാണെങ്കിൽ ഈസബ്നു മർയമിനെ പോലുള്ളതോ അല്ലെങ്കിൽ അദ്ദേഹത്തെക്കാൾ ഉത്തമനായ മറ്റൊരു മനുഷ്യനെയോ സൃഷ്ടിക്കാൻ അവനു കഴിയുമെന്ന് അവർക്കറിയില്ല. അവൻ അപ്രകാരം ചെയ്യുകയും ചെയ്തിരിക്കുന്നു. എന്നാൽ ആ ദൈവം ഏകനും പങ്കാളികൾ ഇല്ലാത്തവനുമാകുന്നു. അവൻ ജനനമരണത്തിൽ നിന്നെല്ലാം മുക്തനാകുന്നു. അവനു തുല്യനായി ആരുമില്ല. മസീഹും തന്റെ സാമീപ്യവും പ്രതാപവും കാരണത്താൽ ഏകനാണെന്നു ക്രിസ്ത്യാനികൾ വിളിച്ചു പറയുന്നതിലേക്കാണ് ഇത് സൂചിപ്പിക്കുന്ന ത്. ഇപ്പോൾ അല്ലാഹു പറയുന്നു, നോക്കുക ഞാൻ അദ്ദേഹത്തെ ക്കാൾ ഉത്തമനായ മറ്റൊരാളെ സൃഷ്ടിക്കുന്നതാണ്. അദ്ദേഹം ഗുലാം അഹ്മദ് ആകുന്നു. അതായത് അഹ്മദിന്റെ ദാസൻ.

*ജീവിതം നൽകുന്ന പാനപാത്രമാകുന്നു അഹ്മദ്*
*അഹ്മദ് എന്ന നാമം എത്ര സുന്ദരമാകുന്നു*
*പ്രവാചകന്മാർ ലക്ഷക്കണക്കിന് ഉണ്ടാകും*
*എന്നാൽ അല്ലാഹുവാണ!*
*ഏറ്റവും ഉത്തമം അഹ്മദ് എന്ന പദവിയാകുന്നു*
*അഹ്മദിന്റെ പൂന്തോപ്പിൽ നിന്ന് നാം ഫലങ്ങൾ ഭക്ഷിച്ചു*
*എന്റെ പൂന്തോപ്പ് അഹ്മദിന്റെ വചനങ്ങളാകുന്നു*

*ഇബ്നു മർയമിന്റെ സ്മരണയെ ഉപേക്ഷിക്കുക*
*അതിനേക്കാൾ ഉത്തമം അഹ്മദിന്റെ ദാസനാകുന്നു.*

ഇത് കവിസങ്കല്പമല്ല മറിച്ച് യാഥാർഥ്യമാണ്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ പിന്തുണ എന്നോടൊപ്പം മസീഹിബ്നു മർയമിനെക്കാൾ ഇല്ലായെങ്കിൽ ഞാൻ കള്ളവാദിയാകുന്നു. അല്ലാഹു എനിക്കുവേണ്ടിയല്ല അപ്രകാരംചെയ്തത്. മറിച്ച്, തന്റെ പീഢിതനായ പ്രവാചകനുവേണ്ടിയാണ്.? പ്രസ്തുത ഇൽഹാമിന്റെ ശേഷിക്കുന്ന തർജമ ഇപ്രകാരമാകുന്നു. ക്രിസ്തീയർ ഉപദ്രവം ഏൽപ്പിക്കുന്നതിനായി കുതന്ത്രങ്ങൾ മെനയുന്നതാണ്. അല്ലാഹുവും മറുതന്ത്രം പ്രയോഗിക്കുന്നതാണ്. അത് പരീക്ഷണത്തിന്റെ ദിനങ്ങൾ ആയിരിക്കും. പറയുക, എന്റെ ദൈവമേ പരിശുദ്ധ ഭൂമിയിൽ എനിക്ക് ഇടം നൽകുക. ഇത് ആത്മീയമായ നിലയിലുള്ള ഒരു പാലായനം ആകുന്നു. ഇതുവരെ ഞാൻ മനസ്സിലാക്കിയതനുസരിച്ച് ഇതിന്റെ അർഥം പര്യവസാനത്തിൽ ഭൂമിയിൽ പരിവർത്തനങ്ങൾ ഉണ്ടാകുന്നതാണ്. ഭൂമി സത്യസന്ധത കൊണ്ടും നന്മകൊണ്ടും പ്രകാശിതമാകുന്നതാണ്. നമ്മിലും ക്രിസ്തീയരിലും എത്രത്തോളം അന്തരം ഉണ്ടെന്ന് ഇനി ചിന്തിക്കുക. ഏതൊരു അസ്തിത്വത്തെയാണോ നാം സൃഷ്ടികളിൽ വച്ചേറ്റവും ഉത്തമനായി മനസ്സിലാക്കുന്നത് അദ്ദേഹത്തെ ഇവർ കറ്റുകെട്ടുകാരനായി ചിത്രീകരിക്കുന്നു. ഇരുപക്ഷവും ചില കാര്യങ്ങളിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാകുമ്പോഴാണ് രഞ്ജിപ്പുണ്ടുകുക. എന്നാൽ നമ്മുടെ മതവും നമ്മുടെ ഗ്രന്ഥവും ക്രിസ്തുമതത്തെ അടിമുടി അശുദ്ധവും മ്ലേഛവുമായി മനസ്സിലാക്കുമ്പോൾ –യാഥാർഥ്യം അപ്രകാരവുമാണ്– നാം ഏതു കാര്യത്തിലാണ് രഞ്ജിപ്പുണ്ടാക്കുക. ഇത്രത്തോളം മതപരമായ ഭിന്നതയുടെ പര്യവസാനം ഒരിക്കലും രഞ്ജിപ്പല്ല. മറിച്ച് വ്യാജമതം ഒടുക്കം പൂർണമായും നാശമടയും. ഭൂമിയിലുള്ള മുഴുവൻ സൽപ്രകൃതക്കാരും സത്യത്തെ സ്വീകരിക്കുന്നതുമാണ്. അന്നേരമാണ് ഈ ലോകം അവസാനിക്കുക. ക്രിസ്തീയരുമായി മതപരമായ കാര്യത്തിൽ നമുക്ക് യാതൊരു പൊരുത്തവും ഇല്ല. പ്രത്യുത, അവർക്കുള്ള നമ്മുടെ മറുപടി

قُلْ يَاأَيُّهَا الْكَافِرُونَ لَا أَعْبُدُ مَا تَعْبُدُونَ (109:2,3) എന്നാകുന്നു. ചുരുക്കത്തിൽ ചിറാഗ് ദീൻ നടത്തിയിരിക്കുന്ന വാദം എത്രത്തോളം അവിശുദ്ധമാണ്. ഒരു വ്യക്തി എന്റെ അനുചരനാണ് എന്ന് പറഞ്ഞുകൊണ്ട് ഇന്നാളുകളിൽ മതങ്ങൾ തമ്മിൽ രഞ്ജിപ്പുണ്ടാക്കുന്നതിനായി താൻ മസീഹ് ഇബ്നു മർയമിൽ നിന്നുള്ള ദൂതനാണെന്നു പറയുന്നത് എത്രത്തോളം ആശ്ചര്യജനകമായ കാര്യമാണ്. لعنة الله على الكافرين. ക്രിസ്തുമതത്തെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നത് അതിന്റെ ദുർഗതി കാരണത്താൽ ഭൂമി ഉടൻ പൊട്ടിപ്പിളർന്നേക്കാം ആകാശം തുണ്ടം തുണ്ടമായേക്കാം എന്നാണ്. അവരുമായി എന്തു രഞ്ജിപ്പ്? കൂടാതെ അല്പബുദ്ധിയും അപൂർണ ജ്ഞാനവും അപൂർണ പരിശുദ്ധിയും കാരണത്താൽ ഞാൻ അല്ലാഹുവിന്റെ ദൂതനാണ് എന്നു പറയുന്നത് അല്ലാഹുവിന്റെ പരിശുദ്ധ പരമ്പരയുടെ അന്തസ്സിനെ അപമാനിക്കലാകുന്നു. ദൈവനിയോഗവും പ്രവാചകത്വവും കുട്ടിക്കളിയാക്കി വച്ചിരിക്കുകയാണ്.. അറിവില്ലായ്മ കാരണത്താൽ ഒരു കാര്യം മനസ്സിലാക്കുന്നില്ല. മുൻ കാലഘട്ടങ്ങളിൽ ചില ദൂതന്മാരെ സഹായിക്കുന്നതിനായി ഒരേ സമയത്തു തന്നെ മറ്റു ദൂതന്മാർ ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് മൂസായോടൊപ്പം ഹാറൂൻ അയക്കപ്പെട്ടതുപോലെ. എന്നാൽ ഖാത്തമുൽ അമ്പിയാഅ് ഖാത്തമുൽ ഔലിയാഅ് ഇതിൽ ഉൾപ്പെടുന്നില്ല. ഏതുപോലെ നബി തിരുമേനി(സ)യോടൊപ്പം മറ്റൊരു നിയോഗിതനും ദൂതനും ഉണ്ടായിരുന്നില്ലയോ മുഴുവൻ സഹാബാക്കളും ഒരേയൊരു മാർഗദർശകന്റെ അനുയായികളായിരുന്നുവോ അതേപോലെ ഇവിടെയും ഒരേയൊരു മാർഗദർശകന്റെ അനുയായികളാണ് എല്ലാവരും. ആർക്കും തന്നെ ദൂതനാണ് എന്നു വാദിക്കാനുള്ള *(നഊദുബില്ലാഹ്)* സാവകാശവും ഇല്ലതന്നെ.

നമ്മുടെ ആഗമനം കേവലം രണ്ടു മലക്കുകളോടൊപ്പമല്ല മറിച്ച്, ആയിരക്കണക്കിന് മലക്കുകളോടൊപ്പമാകുന്നു. ദീർഘകാലങ്ങളായി നമ്മുടെ സഹകരണത്തിനായി മുഴുകിയിരിക്കുന്നവർ അല്ലാഹുവിന്റെ സമക്ഷത്തിൽ പ്രശംസാർഹരാകുന്നു. എന്റെ പക്കലും എന്റെ അല്ലാഹുവിന്റെ പക്കലും

അവരുടെ പിന്തുണ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ചിറാഗ് ദീൻ എന്ത് പിന്തുണയാണ് നൽകിയത്. അയാൾ ഉള്ളതും ഇല്ലാത്തതും സമമാണ്. ഏകദേശം 30 സംവൽസരങ്ങളായി ഈ പരമ്പര തുടർന്നു വരികയാണ്. എന്നാൽ അയാൾ ഏതാനും മാസങ്ങൾക്കു മുമ്പാണു പിറവിയെടുത്തത്. എനിക്കാണെങ്കിൽ അയാളാരാണ് അയാളുടെ രൂപം എപ്രകാര മാണെന്ന് തന്നെ ശരിയായ നിലയിൽ അറിയില്ല. എന്റെ സഹവാസത്തിൽ അയാൾ കഴിഞ്ഞിട്ടും ഇല്ല. എന്നെ ഏത് കാര്യത്തിലാണ് അയാൾ സഹായിക്കാൻ ആഗ്രഹിക്കുന്നതെന്നും എനിക്കറിയില്ല. അറബി സാഹിത്യത്തിന്റെ അടയാളത്തിലോ അല്ലെങ്കിൽ ഖുർആനിക ജ്ഞാനങ്ങൾ വിശദീകരിക്കുന്നതിലോ എന്റെ സഹായി ആകുന്നതിനോണോ അല്ലെങ്കിൽ ക്രിസ്ത്യാനികളുമായും മറ്റു വിഭാഗക്കാരുമായും നടക്കുന്ന സ്വാഭാവികവും തത്വജ്ഞാനത്തിലധിഷ്ഠിതവുമായ വാദപ്രതിവാദങ്ങളിൽ എന്നെ സഹായിക്കാനാണോ ആഗ്രഹിക്കുന്നത്? അയാൾ ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളിൽ നിന്നും പിന്തള്ളപ്പെട്ടവനാണെന്ന് എനിക്കറിയാം. ദോഷപ്രവണാത്മാവിന്റെ തിന്മ അയാളെ ആത്മപ്രശംസയ്ക്ക് പ്രേരിപ്പിക്കുകയാണ്. അതിനാൽ ഇന്നു മുതൽ ഏതുവരെ വ്യക്തമായ നിലയിൽ തന്റെ പ്രായശ്ചിത്ത കത്ത് പ്രസിദ്ധീകരിക്കുന്നില്ലയോ കൂടാതെ ഈ അശുദ്ധനിയോഗി തന്റെ വാദത്തിൽ നിന്ന് എന്നെന്നേക്കുമായി വിട വാങ്ങുന്നില്ലയോ അതുവരെ അയാൾ നമ്മുടെ ജമാഅത്തിൽ നിന്ന് അകറ്റപ്പെട്ടിരിക്കുന്നു.

അയാൾ അനാവശ്യമായി തന്റെ അഹംഭാവം നിമിത്തം നമ്മുടെ സത്യസന്ധരായ അനുയായികളെ അപമാനിക്കുകയും ക്രിസ്ത്യാനികളുടെ ദുർഗന്ധപൂരിതമായ മതത്തിനു മുന്നിൽ ഇസ്‌ലാമിനെ സമാന പദവിയുള്ള മതമായി ഗണിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അത്തരക്കാരെ നാം പരിഗണിക്കുന്നതേയില്ല. അത്തരക്കാർക്കു യാതൊരു വിധത്തിലും തന്നെ നമ്മെ കുഴപ്പത്തിലാക്കുന്നതിനോ സഹായിക്കുന്നതിനോ സാധിക്കില്ല. അത്തരം ആളുകളെ പൂർണമായും അവഗണിക്കുകയാണു നമ്മുടെ ജമാഅത്തിലുള്ളവർ ചെയ്യേണ്ടത്. അയാ

ളുടെ ലേഖനത്തെ സംബന്ധിച്ചു നമുക്ക് പൂർണമായ അറിവ് ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയത്. ഇപ്പോൾ അത്തരം ലേഖനങ്ങളെ തുണ്ടം തുണ്ടം ആക്കേണ്ടതാണ്.

والسّلام علی من اتبع الھدٰی

പ്രസാധകൻ
വിനീതൻ

മിർസാ ഗുലാം അഹ്മദ്
ഖാദിയാൻ

ഏപ്രിൽ 23, 1902

# പിൻകുറിപ്പ്

## നമ്പർ 1

ചിറാഗ് ദീനെ സംബന്ധിച്ച് ഞാൻ ഈ വിഷയം എഴുതിക്കൊണ്ടിരുന്നപ്പോൾ അല്പം മയക്കം ഉണ്ടാകുകയും എനിക്കു സർവശക്തനായ അല്ലാഹുവിൽ നിന്ന് ഇപ്രകാരം വെളിപാട് ഉണ്ടാകുകയും ചെയ്തു. نزل بہٖ جبیز അതായത് അയാളിൽ *ജബീസ്* ഇറങ്ങി. അതിനെ അയാൾ വെളിപാട് അല്ലെങ്കിൽ ദർശനമായി മനസ്സിലാക്കി. ഉണങ്ങിയതും അരോചകവുമായ ചപ്പാത്തിയെയാണ് *ജബീസ്* എന്നു പറയുന്നത്. അതിന് യാതൊരു സ്വാദും ഉണ്ടായിരിക്കില്ല. വളരെ പ്രയാസപ്പെട്ടു മാത്രമെ തൊണ്ടയിലൂടെ ഇറക്കാൻ സാധിക്കുകയുള്ളു. കൂടാതെ പ്രകൃതത്തിൽ പിശുക്കും നികൃഷ്ടതയും അല്പത്തരവും ധാരാളമായുള്ള ലുബ്ധനും നികൃഷ്ടനുമായ വ്യക്തിയെയും ഇത് സൂചിപ്പിക്കുന്നു. ഇവിടെ *ജബീസ്* എന്ന പദത്തിന്റെ വിവക്ഷ സ്വയം പടച്ചുണ്ടാക്കിയ വാക്കുകളും പാഴ്കിനാവുകളും ആകുന്നു. അതോടൊപ്പം വാനലോകപ്രകാശം ഉണ്ടായിരിക്കുന്നതല്ല. ലുബ്ധിന്റെ സൂചനകളും ഉണ്ടായിരിക്കും. അത്തരം ചിന്തകൾ ശുഷ്കമായ പരിശ്രമങ്ങളുടെ ഫലമായിട്ടോ അല്ലെങ്കിൽ ആഗ്രഹങ്ങളുടെയോ പ്രതീക്ഷകളുടെയോ സമയത്ത് പിശാചിൽ നിന്നു വരുന്നതാണ്. അല്ലെങ്കിൽ ശുഷ്കവും സദാവിഷാദമായ ചിന്തകളുടെ ഫലമായി ചിലപ്പോഴെല്ലാം വെളിപാടാഗ്രഹിക്കുമ്പോൾ ഇത്തരത്തിലുള്ള ചിന്തകൾ ഹൃദയത്തിൽ രൂപപ്പെടാറുണ്ട്. അതിനു പിന്നിൽ യാതൊരു ആത്മീയതയും ഇല്ലാത്ത കാരണത്താൽ ദൈവീകഭാഷയിൽ ഇത്തരം ചിന്തകളെ *ജബീസ്* എന്നു പറയുന്നു. അതിനുള്ള പരിഹാരമാർഗം പശ്ചാത്താപവും പാപപ്പൊറുതി തേടലും ഇത്തരം ചിന്തകളിൽ നിന്നും പൂർണമമായും പിൻവാങ്ങലുമാകുന്നു. ഇല്ലായെങ്കിൽ *ജബീസിന്റെ* ആധിക്യത്താൽ മനോനില തെറ്റുന്നതിനുള്ള സാധ്യതയുണ്ട്. അല്ലാഹു എല്ലാവരെയും ഈ വിപത്തിൽ നിന്നു കാത്തു രക്ഷിക്കട്ടെ.

# പിൻകുറിപ്പ്
## നമ്പർ 2

രാത്രിയിൽ ചന്ദ്രഗ്രഹണ സമയത്തു ചിറാഗ് ദീനെ സംബന്ധിച്ച് എനിക്ക് ഇപ്രകാരം വെളിപാടു ലഭിക്കുകയുണ്ടായി. -انّی اذیب من یریب . അഥവാ അവൻ സംശയിക്കുകയും നിരാകരിക്കുകയും നിയോഗിതന്റെ വാദം ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ അതുപോലെ നമ്മോടൊപ്പം നീണ്ട കാലമായി സേവനത്തിലും സഹായത്തിലും നിരതരായ പകൽ രാത്രി ഭേദമന്യെ സഹവാസത്തിൽ കഴിയുന്നവരെ കൊണ്ട് തന്റെ അപരാധം മാപ്പാക്കിച്ചില്ലായെങ്കിൽ ഞാൻ നശിപ്പിക്കുന്നതാണ്, ഞാൻ ക്ഷയിപ്പിക്കുന്നതാണ്,ഞാൻ കോപം ഇറക്കുന്നതാണ്. കാരണം അയാൾ തന്റെ വ്യക്തിത്വത്തിനു പ്രാമുഖ്യം നൽകിക്കൊണ്ടു ജമാഅത്തിലെ മുഴുവൻ ആത്മാർഥരായവരെയും അപമാനിച്ചിരിക്കുന്നു. അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ ആവർത്തിച്ചാവർത്തിച്ച് അവരെ പ്രശംസിക്കുകയും അവരെ മുൻകടന്നവരായി വിധിക്കുകയും ചെയ്തിരിക്കുന്നു.

اصحاب الصفة و ما ادراك ما اصحاب الصفة-

പല്ലുകൊണ്ടു ചവയ്ക്കാൻ കഴിയാത്ത ഉണങ്ങിയ ചപ്പാത്തിക്കും *ജബീസ്* എന്നു പറയുന്നു. അതു പല്ലിനു ക്ഷതം ഉണ്ടാക്കുകയും വളരെ പ്രയാസത്തിൽ തൊണ്ടയിലൂടെ ഇറങ്ങുകയും ചെയ്യുന്നു. അത് ആമാശയത്തെ പിളർക്കുകയും കഠിനമായ വേദന ഉളവാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഈ പദം വ്യക്തമാക്കുന്നതു ചിറാഗ് ദീന്റെ ഈ പ്രവാചകത്വവാദവും വെളിപാടും കേവലം *ജബീസും* അയാളുടെ നാശത്തിന്റെ ഹേതുവുമാകുന്നു എന്നാണ്. എന്നാൽ അപമാനിക്കപ്പെട്ട ഇതര സഹാബാക്കളുടെ മേൽ വാനലോക തളിക ഇറക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവർക്ക് അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് വലിയൊരു ഭാഗം ലഭിക്കുന്നു.

അനുഗ്രഹങ്ങളുടെ ഭക്ഷണത്തളിക മറ്റൊന്നാകുന്നു
ഉണങ്ങിയ ചപ്പാത്തി മറ്റൊന്നാകുന്നു

അല്ലയോ അവിവേകി!
ഉണങ്ങിയ ചപ്പാത്തി ഭക്ഷിക്കാനുള്ളതല്ല.

മിത്രങ്ങൾക്ക് അനുഗ്രഹവും കാരുണ്യവും മൂലം
മഹത്തായ ഭക്ഷണത്തളിക ലഭിക്കുന്നു

എന്നാൽ അന്യർക്ക് ഉണങ്ങിയ ചപ്പാത്തിക്കഷണം
മാത്രമാണ് ലഭിക്കുന്നത്.

ഈ ഉണങ്ങിയ ചപ്പാത്തി പട്ടികൾക്കു
മുന്നിലും ഇട്ടുകൊടുക്കുന്നു

അനുഗൃഹീത ഭക്ഷണത്തളിക ആനന്ദത്തോടുകൂടി
പ്രിയപ്പെട്ടവർക്കു മുന്നിൽ സമർപ്പിക്കപ്പെടുന്നു.

നീ ഈ ഉണങ്ങിയ ചപ്പാത്തിയെ ഉപേക്ഷിക്കുക,
ചിന്തിക്കുവിൻ, ഗ്രഹിക്കുവിൻ

വിവേകിയാണെങ്കിൽ അനുഗൃഹീത ഭക്ഷണത്തളികയെ
ആവേശത്തോടു കൂടി തേടുന്നവനാകുക.

ഈ ലേഖനത്തിന്റെ പേര്
**ദാഫിഉൽ ബലാഇ വ മഅ്യാരി**
**അഹ്‌ലിൽ ഇസ്‌ത്വിഫാഅ്**
***(മഹാമാരീ പ്രതിരോധവും***
***ദൈവത്തിന്റെ പ്രീതജീനങ്ങളുടെ***
***നിലവാരവും)***
എന്ന് വച്ചിരിക്കുന്നു.